**A–BRL–M–L–NBMB**

# MALAYALAM

## Paper–II

## (Literature)

*Time Allowed : Three Hours*

*Maximum Marks : 250*

**QUESTION PAPER SPECIFIC INSTRUCTIONS**

**Please read each of the following instructions carefully before attempting questions.**

There are **EIGHT** questions divided in **TWO** Sections.

Candidate has to attempt **FIVE** questions in all.

Question no. **1** and **5** are compulsory and out of the remaining, **THREE** are to be attempted choosing at least **ONE** from each section.

The number of marks carried by a question / part is indicated against it.

Answers must be written in **MALAYALAM**.

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in chronological order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the answer book must be clearly struck off.

---

## SECTION—A

Q.1. സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുത് :— **10×5=50**

Q.1(a) തിലകമതായേ ഭൂലോകത്തിനു
തിറമുറു മുത്തുര കോസലവിഷയേ
പല പല ഗുണഗണ മീടുമയോദ്ധ്യാ
ഭവനമതീവ മനോഹരമായേ
നലമൊടു സൂര്യ കുലോത്ഭവരാകും
നരപതിമാർ മരുവീടു മതിന്നായ്
അല മിതു മനുനാ നിർമ്മിതമാ-
യുണ്ടായിതൊരമരാവതി സമമായേ. 10

Q.1(b) രാജ്യാനാമിങ്ങിനിയ പതിനെട്ടിന്നു മിന്റായുധാനാം
വിദ്യാനാഞ്ച ത്വമസി പെരുമാൾ വീരസംഗ്രാമധീര
നാലിന്നു മറ്ററുപതിനുമിന്റ ക്കലാ കൗശലാനാം
ഗ്രാമാണാഞ്ച ശ്രയമനുദിനം വാഴ്ത്തുവോരാപ്തബന്ധോ. 10

Q.1(c) കുരുകുലജ ഭയമൊഴിക കുരുസമരമാശു നീ
കുണ്഻നായീടൊലാ കണ്ടതെല്ലാമഹം. 10

Q.1(d) ചന്ദനത്തയ്യാണെങ്കിലുരഞ്ഞാൽ മണം പൊങ്ങും
നിന്ദയാലല്ലെൻ കുഞ്ഞും തൻ മിടുക്കുടൻ കാട്ടി. 10

Q.1(e) നീതിക്കുവേണ്ടി ക്കരഞ്ഞുഴന്നീടവേ
ഗീത ചൊല്ലിക്കേട്ടൊരർജ്ജുനനല്ല ഞാൻ. 10

Q.2. **(a), (b),** ചോദ്യങ്ങൾ ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെയും **(c)** ചോദ്യത്തിന് നൂറ്റിയമ്പതു വാക്കിൽ കവിയാതെയും ഉത്തരം എഴുതുക :— **50**

Q.2(a) രാമചരിതത്തേക്കാൾ കണ്ണശ്ശ രാമായണമാണ് പില്ക്കാല മലയാള കവിതക്ക് പ്രചോദകമായി ഭവിച്ചത് എന്നു പറയുന്നതിന്റെ അടിസ്ഥാനമെന്ത് ? 20

Q.2(b) പ്രാചീന കേരളത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ സ്ഥിതികളെ ഉണ്ണുനീലി സന്ദേശം എപ്രകാരം പ്രതിഫലിപ്പിക്കുന്നുവെന്നു പരിശോധിക്കുക. 20

Q.2(c) സംസ്കാര ശുദ്ധിയുള്ള ജീവിത വീക്ഷണത്തിന്റെയും ഭാഷാപരമായ മലയാളിത്തത്തിന്റെയും സങ്കലനമാണ് എഴുത്തച്ഛന്റെ കവിതയെ ഉദാത്തമാക്കുന്നതെന്നു പറയാമോ? ചർച്ച ചെയ്യുക. 10

Q.3. **(a), (b),** ചോദ്യങ്ങൾ ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെയും **(c)** ചോദ്യത്തിന് നൂറ്റിയമ്പതു വാക്കിൽ കവിയാതെയും ഉത്തരം എഴുതുക :— **50**

Q.3(a) സീതയുടെ അന്തരാത്മാവിന്റെ അഗാധതകളിൽ നിന്നുയരുന്ന ചിന്തകളിൽ അസ്വാഭാവികത തോന്നുന്നുണ്ടോ ? - 'ചിന്താവിഷ്ടയായ സീത'യെ മുൻനിർത്തി പരിശോധിക്കുക. 20

Q.3(b) 'കുടിയൊഴിക്ക'ലിൽ മദ്ധ്യവർഗ്ഗത്തിന്റെ ധർമ്മസങ്കടം ആവിഷ്കൃതമാകുന്നതെങ്ങനെയെന്നു നിരൂപിക്കുക. 20

Q.3(c) 'ജീവിതത്തിൽ നേരിടേണ്ടിവരുന്ന മാനസിക സംഘർഷങ്ങളുടെ സാന്ദ്രതയാണ് 'പെരുന്തച്ച'ന്റെ ആദ്ധ്യാനമികവിനു നിദാനം' - ഈ പ്രസ്താവത്തിന്റെ സാദ്ധ്യത പരിശോധിക്കുക. 10

Q.4. **(a), (b),** ചോദ്യങ്ങൾ ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെയും **(c)** ചോദ്യത്തിന് നൂറ്റിയമ്പതു വാക്കിൽ കവിയാതെയും ഉത്തരം എഴുതുക :— **50**

Q.4(a) കവിതക്ക് പുതിയൊരു ഭാവുകത്വവും ഭാഷയും നല്കുകയാണ് അയ്യപ്പപ്പണിക്കർ ചെയ്തതെന്ന പ്രസ്താവം കുരുക്ഷേത്രം എന്ന കവിതയുടെ രൂപഭാവതലങ്ങളെ മുൻനിർത്തി പരിശോധിക്കുക. 20

Q.4(b) സർവ്വം സഹയായ ഭൂമിയെ സ്വാർത്ഥപൂരണത്തിനായി ചൂഷണം ചെയ്യുന്നതിനെതിരെയുള്ള ശക്തമായ മുന്നറിയിപ്പാണ് ഒ.എൻ.വി.യുടെ 'ഭൂമിക്ക് ഒരു ചരമഗീതം' എന്ന കവിത. വിശദീകരിക്കുക. 20

Q.4(c) ഏതു നിലയിലുള്ള കലാകാരനെയാണ് 'മേഘരൂപ'നിൽ കാണാൻ കഴിയുന്നത്? ചർച്ചചെയ്യുക. 10

## SECTION—B

Q.5. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുത് :— **10×5=50**

Q.5(a) ഇൻഡ്യൻ ദേശീയതയെ അടയാളപ്പെടുത്തുന്ന ആദ്യ മലയാള നോവൽ എന്ന നിലയിൽ 'ഇന്ദുലേഖ'യുടെ പ്രാധാന്യം എന്ത് ? 10

Q.5(b) ഒരു ദുരന്തനായികയായി കറുത്തമ്മയെ അവതരിപ്പിക്കുന്നതിൽ തകഴി എത്രമാത്രം വിജയിക്കുന്നുണ്ട്? പരിശോധിക്കുക. 10

Q.5(c) ശിഥില ചിത്രങ്ങളുടെ സമാഹാരമായി മാത്രം 'ഖസാക്കിന്റെ ഇതിഹാസ'ത്തെ കാണാൻ കഴിയുമോ ? 10

Q.5(d) കലാപത്തിന്റെ ഭീതിയും വിഹ്വലതകളും ആശങ്കകളും കലാത്മകമായി ആഖ്യാനം ചെയ്യാൻ എൻ.എസ്. മാധവനു കഴിയുന്നുണ്ട്. 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന കഥയെ മുൻനിർത്തി പരിശോധിക്കുക. 10

Q.5(e) സാമൂഹിക നവോത്ഥാനത്തിന്റെയും സാമുദായിക പരിഷ്കരണത്തിന്റെയും പശ്ചാത്തലത്തിൽ വി.ടി. ഭട്ടതിരിപ്പാട് നയിച്ച പ്രസ്ഥാനത്തെ വിലയിരുത്തുക. 10

Q.6. **(a), (b),** ചോദ്യങ്ങൾ ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെയും **(c)** ചോദ്യത്തിന് നൂറ്റിയമ്പതു വാക്കിൽ കവിയാതെയും ഉത്തരം എഴുതുക :— **50**

Q.6(a) ചന്തുമേനോൻ മുന്നോട്ടുവെക്കുന്ന പ്രത്യയ ശാസ്ത്രമാണ് പതിനെട്ടാമധ്യായത്തിലെ ആശയ സംവാദത്തിൽ നിഴലിക്കുന്നത് - ചർച്ചചെയ്യുക 20

Q.6(b) ഒരു മൂല്യത്തെയല്ല, സർവസാധാരണമായ ഒരു അസ്തിത്വ ദൗർബല്യത്തെ പകർത്തുക മാത്രമാണ് താൻ ചെയ്തതെന്ന വിജയന്റെ വാദം 'ഖസാക്കിന്റെ ഇതിഹാസ'ത്തെ മുൻനിർത്തി പരിശോധിക്കുക. 20

Q.6(c) "ഭാവോന്മീലനത്തിനു യോജിച്ച ഭാഷയാണ് 'ചെമ്മീൻ' എന്ന നോവലിന്റെ ആസ്വാദ്യത വർദ്ധിപ്പിക്കുന്നത്" - ഉദാഹരണ സഹിതം സമർത്ഥിക്കുക. 10

Q.7. **(a), (b),** ചോദ്യങ്ങൾ ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെയും **(c)** ചോദ്യത്തിന് നൂറ്റിയമ്പതു വാക്കിൽ കവിയാതെയും ഉത്തരം എഴുതുക :— **50**

Q.7(a) സ്നേഹിക്കുന്ന മനസ്സുകളിലെ ദൈന്യത്തിന്റെ ആഴവും ദുരന്തതീവ്രതയും അനുഭവപ്പെടുത്തുന്നതിൽ 'വാനപ്രസ്ഥം' എത്രമാത്രം വിജയിച്ചിരിക്കുന്നുവെന്ന് ചർച്ച ചെയ്യുക. 20

Q.7(b) ശില്പ സൗന്ദര്യമാണ് എൻ.എസ്. മാധവന്റെ കഥകളെ വ്യത്യസ്തമാക്കുന്നത് - 'കാർമെൻ' എന്ന കഥയെ മുൻനിർത്തി വിശദീകരിക്കുക. 20

Q.7(c) നാടകമെന്ന നിലയിൽ സി.ജെ തോമസ്സിന്റെ പരീക്ഷണം വിജയമായിരുന്നു എന്നു കരുതാൻ കഴിയുമോ ? 'ക്രൈം 27' എന്ന നാടകത്തെ മുൻനിർത്തി പരിശോധിക്കുക. 10

Q.8. **(a), (b),** ചോദ്യങ്ങൾ ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെയും **(c)** ചോദ്യത്തിന് നൂറ്റിയമ്പതു വാക്കിൽ കവിയാതെയും ഉത്തരം എഴുതുക :— **50**

Q.8(a) 'നേശേ ബല സ്യേതി ചരേദ ധർമ്മം' എന്ന വാക്യത്തെ വ്യാഖ്യാനിക്കുന്നതിൽ മാരാരുടെ ധർമ്മബോധവും യുക്തിചിന്തയുമാണ് പ്രകടമാകുന്നത് - ചർച്ച ചെയ്യുക. 20

Q.8(b) 'സത്യം സ്വത്തിനേക്കാൾ വിലപിടിച്ച മൂലധനമാണെ'ന്ന വാക്കുകൾ അന്വർത്ഥമാക്കുന്ന ആത്മകഥയാണ് 'കണ്ണീരും കിനാവും' - എങ്ങനെ ? 20

Q.8(c) കവിജീവിതവും കാവ്യജീവിതവും ഇഴചേർത്തുകൊണ്ടുള്ള രചനാതന്ത്രം ജീവചരിത്രത്തെ കാവ്യപഠനത്തിനുള്ള ഉപാദാനസാമാഗ്രിയാക്കി മാറ്റുന്നു - 'ചങ്ങമ്പുഴ കൃഷ്ണപിള്ള- നക്ഷത്രങ്ങളുടെ സ്നേഹ ഭാജനം' എന്ന കൃതിയെ അടിസ്ഥാനമാക്കി പരിശോധിക്കുക. 10

CS [illegible] Exam : 2014

# MALAYALAM

## Paper—II

## (Literature)

*Time Allowed : Three Hours*

*Maximum Marks : 250*

**QUESTION PAPER SPECIFIC INSTRUCTIONS**

**Please read each of the following instructions carefully before attempting questions :**

There are **EIGHT** questions divided in **Two Sections**.

Candidate has to attempt **FIVE** questions in all.

Question Nos. **1** and **5** are compulsory and out of the remaining, **THREE** are to be attempted choosing at least **ONE** from each section.

The number of marks carried by a question/part is indicated against it.

Answers must be written in **MALAYALAM**.

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in chronological order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the answer book must be clearly struck off.

---

## SECTION—A

Q.1. **സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുത് :—** **10×5=50**

Q.1(a) മാൽ പുനന്തവനറിന്തണഞ്ഞങ്ങുലീയവും
മാലവാർ കുഴലിലെഴും മണി കൈക്കൊള്ളും മുന്നേ
വേൽ പൊരുന്ന മിഴിയാൾക്കു നൽകിയപ്പൊഴുതിലേ
മേതിൽ വീഴ്ന്തടി പണിതു വിടയും തൊഴുതുപോയ്
ചേൽ പൊരുന്തു മരി വീരനലയാഴി കടന്ന-
ത്തീര മെയ്തിയിരുന്നൊൺ കവികൾ ചൂഴ്ന്തിനിയപൈ-
മ്പാൽ പൊരുന്തും മൊഴിയാൾ മൊഴിന്തനൻ തൊഴുതെല്ലാം
പാർ മന്നൻ തന്നോടു മൈതിലിയുടെ ചരിതമേ 10

Q.1(b) നീ, യെന്റെ രസനയിൽ വയമ്പും നറുതേനു-
മായ് വന്നൊരാദ്യാനുഭൂതി!
നീയെന്റെ തിരികെടും നേരത്തു തീർഥകണ-
മായലിയുമന്ത്യാനുഭൂതി! 10

Q.1(c) നീർത്താനിന്ദുപലമിവ, തെളിഞ്ഞാമ്പൽപോലെ ചിരിച്ചാ-
നാർത്താൻ വണ്ടിൻകുലമിവ, വളർന്നാൻ പയോരാശിപോലെ
പീത്വാരൂപാ മൃത മിളകിനാനേഷ ചെർപ്പോത്തുപോലെ
കുഴ്ത്താൻ കാമീമദനനിവ പോന്നാഗതേ വീര ചന്ദ്രേ! 10

Q.1(d) വ്യാജമെന്നുള്ളത് കാട്ടീലൊരിക്കലും
പൂജയിലെന്നതു സത്യമാണെങ്കിലും
പോരാനിടവന്നു വെങ്കിട്ടനെമ്പരാൻ
പോന്നവഴിക്കേ വെറും കുപ്പുകയ്യുമായ്! 10

Q.1(e) പ്രാകൃതൻ നിന്നെ ഞാൻ പ്രഹരിക്കിൽ
ലോകമൊക്കയുമാധ്വനി കേൾക്കും.
എൻ ഹൃദയ കഠാരിയെ നിന്റെ
ചങ്കിലാഴ്ത്തിത്തറപ്പുഞാൻ നീചാ. 10

Q.2(a) ഇഷ്ടദേവതാ വന്ദനം, ഭൂദേവ വന്ദനം, വിനയം, ആത്മവിശ്വാസം എന്നിവ കണ്ണശ്ശരാമായണകാരൻ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു ? 20

Q.2(b) പ്രതിപാദ്യവിഷയത്തിന് ഉചിതമായ ഭാഷ സൃഷ്ടിച്ചതാണോ എഴുത്തച്ഛൻ കൃതികളുടെ മേന്മയ്ക്കു നിദാനം – 'ഭീഷ്മപർവ്വ'ത്തെ മുൻനിർത്തി പരിശോധിക്കുക. 20

Q.2(c) ഉണ്ണുനീലിസന്ദേശത്തിലെ സ്ത്രീവർണ്ണനകൾ പലപ്പോഴും സഭ്യതയുടെ പരിധി ലംഘിക്കുന്നു എന്ന വാദം സാധുവോ ? 10

Q.3(a) ഭ്രഷ്ട കാമുകനായ കവിയെ മേഘരൂപന്റെ ഔന്നിത്യത്തിലെത്തിക്കുന്ന രാസവിദ്യ ആറ്റൂർ എങ്ങനെ സാധിക്കുന്നു ? 20

Q.3(b) ചിന്താവിഷ്ടയായ സീതയിൽ സ്വയം മറന്നിരിക്കുന്ന സീതയെ കവി എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു ? 20

Q.3(c) കേവല കഥാഗാനത്തിനപ്പുറത്ത് 'തീവണ്ടിയിലെ പാട്ടിനെ' എത്തിക്കുന്ന ഘടകങ്ങൾ ചൂണ്ടിക്കാണിക്കുക. 10

Q.4(a) പാരമ്പര്യത്തിനും ആധുനികതയ്ക്കുമിടയിലെ വൈരുദ്ധ്യത്തെ 'പണ്ടത്തെ മേശ്ശാന്തി'യിൽ എങ്ങനെ പ്രതിഫലിപ്പിക്കുന്നു ? 20

Q.4(b) വെട്ടിപ്പിടിക്കാനും കീഴടക്കാനുമുള്ള ത്വര അച്ഛനും മകനും ഒരുപോലെയാണ്. രണ്ടാൾക്കും ജയിക്കാനുമാവില്ല. ഈ അനിവാര്യതയുടെ മന:ശാസ്ത്രപരമായ ആവിഷ്ക്കാരം പെരുന്തച്ചനിൽ എങ്ങനെ സാധിച്ചിരിക്കുന്നു ? 20

Q.4(c) കാവ്യഭാഷയിൽ അയ്യപ്പപ്പണിക്കർ വരുത്തിയ പരിവർത്തനങ്ങൾ 'കുരുക്ഷേത്ര'ത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക. 10

## SECTION—B

Q.5. **എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുത് :—** **10×5=50**

Q.5(a) കേരളീയ സമൂഹ ഘടനയിലെ ദായക്രമങ്ങളെപ്പറ്റി 'ഇന്ദുലേഖ' നൽകുന്ന പാഠങ്ങളേവ ? 10

Q.5(b) 'ചെമ്മീൻ' എന്ന നോവലിന് ഒരു പ്രത്യേക മാനം നൽകാൻ അതിലെ മിത്തിന് കഴിഞ്ഞുവോ? - പരിശോധിക്കുക. 10

Q.5(c) ഞാനെന്ന ഭാവത്തിന്റെ അഭാവമാണ് 'കണ്ണീരും കിനാവു'മെന്ന ആത്മകഥയെ വ്യതിരിക്തമാക്കുന്നതെന്ന് നിരീക്ഷിക്കാമോ ? 10

Q.5(d) "പരമ്പരാഗത സദാചാര സങ്കല്പത്തിനപ്പുറം നിന്നുകൊണ്ടേ ഇതെഴുതാവൂ എന്ന ധാരണയാണ് എന്നിൽ ആധിപത്യം ചെലുത്തിയത്" എന്ന എം.കെ. സാനുവിന്റെ പ്രസ്താവനാവാക്യം 'ചങ്ങമ്പുഴ കൃഷ്ണപിള്ള - നക്ഷത്രങ്ങളുടെ സ്നേഹഭാജനം' സാധൂകരിച്ചുവോ ? 10

Q.5(e) ഭ്രമകല്പനകളുടെ സൗന്ദര്യമാണ് 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്ന കഥയുടെ ജീവൻ- വ്യക്തമാക്കുക. 10

Q.6(a) സ്വത്വമില്ലായ്മയും പ്രത്യയശാസ്ത്ര ശൂന്യതയുമാണ് ഖസാക്കിലെ രവിയുടെ പാത്ര രചനയിൽ വിജയൻ സ്വീകരിച്ച മാർഗ്ഗം - ചർച്ച ചെയ്യുക. 20

Q.6(b) ലോകത്തിലെ അമ്മമാർക്കുള്ള സന്ദേശം വ്യാസൻ നൽകുന്നത് കുന്തിയിലൂടെയാണെന്ന് കുട്ടികൃഷ്ണമാരാർ സമർത്ഥിക്കുന്നതെങ്ങനെ ? 20

Q.6(c) ഫുട്ബോൾ കളിയുടെ സംസ്കാരം ഹിഗ്വിറ്റയുടെ ഘടനയെ എങ്ങനെ വ്യത്യസ്തമാക്കുന്നു? 10

Q.7(a) നിയമ സംഹിതതയ്ക്കു നേരെയുള്ള വെല്ലുവിളിയായിമാറുന്ന ക്രൈം നാടകത്തിന്റെ വർത്തമാനകാല പ്രസക്തി വിലയിരുത്തുക. 20

Q.7(b) 'വ്യാസന്റെ ചിരി' എന്ന ലേഖനം നൽകുന്ന മാനുഷിക സന്ദേശത്തിന്റെ സാധുത പരിശോധിക്കുക. 20

Q.7(c) ക്ഷേത്ര പരിസരത്തിന്റെ വിശുദ്ധാന്തരീക്ഷവും വിധിയുടെ അലംഘനീയമായ ആകസ്മികതയും ചേർന്നൊരുക്കിയ അപൂർവ്വ കാല്പനിക ഭംഗിയാണ് വാനപ്രസ്ഥത്തെ ജീവസ്സുറ്റതാക്കുന്നത് - ശരിയോ ? 10

Q.8(a) 'ധർമ്മസ്യതത്വം നിഹിതം ഗുഹായാം' - എന്ന ആശയത്തെ ഭീഷ്മരുടെ ധർമ്മ തത്വവുമായി മാരാർ ബന്ധിപ്പിക്കുന്നതിന്റെ ഔചിത്യം നിരീക്ഷിക്കുക. 20

Q.8(b) മലയാള നോവലിന്റെ ഇതിവൃത്തത്തിലും പാത്രാവതരണത്തിലും പ്രതിപാദനരീതിയിലും സംഭവിച്ച മാറ്റങ്ങൾ 'ഇന്ദുലേഖ', 'ചെമ്മീൻ' 'ഖസാക്കിന്റെ ഇതിഹാസം' എന്നീ നോവലുകളെ മുൻനിർത്തി വിശദമാക്കുക. 20

Q.8(c) ഹിഗ്വിറ്റയിലെ കഥകളിൽ ചരിത്രവും രാഷ്ട്രീയവും എൻ.എസ്. മാധവൻ എങ്ങനെ ചിത്രീകരിക്കുന്നു ? 10

C-AVZ-O-NMLB

# MALAYALAM

## Paper II

CS (Main) Exam:2015

## ( LITERATURE )

| Time Allowed : **Three** Hours | Maximum Marks : **250** |
|---|---|

---

## QUESTION PAPER SPECIFIC INSTRUCTIONS

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Questions no. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** from each section.*

*The number of marks carried by a question/part is indicated against it.*

*Answers must be written in **MALAYALAM**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

## SECTION A

**Q1.** **സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുത് :** *10×5=50*

(a) ചൊന്ന വസിഷ്ഠനിയോഗത്താലേ ശോഭനമാകിയ സരയൂതീരേ,
മുന്നൽ മഹാ ഹയമേധമിയറ്റി മുനിപ്രവരൻ ക്രിയചെയ്‌വതുകാലം
ഭിന്നാചാരമനത്തു ജഗത്തും പീഡിതമായിതു രാവണനാലേ;
എന്നേ കഷ്ടമിതിനെന്തൊരുഗതിയെന്നമരകളയനോടരുൾ ചെയ്താർ. *10*

(b) അതിവിസ്തൃതകാലദേശജസ്ഥിതിയാൽ നീതി വിഭിന്നമാകിലും
ക്ഷിതിനാഥ ! പരാർത്ഥ ജീവികൾക്കെതിരില്ലാത്ത നിദർശനം ഭവാൻ. *10*

(c) മമ മനസി നിയതമഭിലഷിതമിതു മാധവാ !
മറ്റെന്തു പിന്നെ വരേണ്ടതെനിക്കഹോ ! *10*

(d) ഇടമില്ലാകാശത്തു രണ്ടു തിങ്കളിന്നെന്നും;
കുടിവിട്ടവൻ പോയി 'നാനി' കണ്ണീരായ് നില്ക്കെ
ഉമിനീറും‌പോൽ നീറിയെന്മനം; – എന്നാലും
ഞാനുരിയാടിയില്ലൊറ്റയക്ഷരം പിരിയുമ്പോൾ. *10*

(e) നിന്നിൽ കുരുക്കുന്ന കറുകയുടെ നിറുകയിലെ
മഞ്ഞുനീർത്തുള്ളിയിൽപ്പോലും
ഒരു കുഞ്ഞുസൂര്യനുണ്ടതുകണ്ടുദിച്ചിതെൻ
കരളിലൊരു വിസ്മയ വിഭാതം ! *10*

**Q2.** (a) രാമചരിതം ഉൾപ്പെടുന്ന പാട്ടു സാഹിത്യശാഖയ്ക്ക് തമിഴ്ക്കവിതാ പാരമ്പര്യമാണുള്ളതു്. ഈ വാദം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ ? *20*

(b) മണിപ്രവാളസന്ദേശ കാവ്യങ്ങൾക്കു് സാഹിതീയമൂല്യത്തിനു് ഉപരിയായി മറ്റു ചില പ്രാധാന്യവും ഉണ്ടു്. 'ഉണ്ണുനീലിസന്ദേശം' പ്രമാണമാക്കി ഇതു വ്യക്തമാക്കുക. *15*

(c) ഭാഷാപ്രയോഗത്തിലും സാഹിത്യ ദർശനത്തിലും അസാമാന്യമായ മികവു പ്രകടിപ്പിക്കാൻ എഴുത്തച്ഛനു് കഴിഞ്ഞു. 'ഭീഷ്മപർവ്വ'ത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക. *15*

**Q3.** (a) 'അനിയന്ത്രിതമായ്ച്ചിലപ്പോഴീ
മനമോടാത്ത കുമാർഗ്ഗമില്ലെടോ.'
ഈ പ്രസ്താവം സീതയുടെ ചിന്തകളെ ന്യായീകരിക്കുന്നുണ്ടോ ? *20*

(b) വിപ്ലവത്തിന്റെ നിർമ്മാണപരവും വിധ്വംസനപരവുമായ വശങ്ങൾ 'കുടിയൊഴിക്കൽ' എന്ന കാവ്യത്തിലൂടെ അനുഭവിച്ചറിയാൻ കഴിയുന്നുണ്ടു്. വിശദീകരിക്കുക. *15*

(c) 'തീവണ്ടിയിലെ പാട്ട്' എന്ന കവിതയിൽ പ്രകടമാകുന്ന എൻ.വി. കൃഷ്ണവാരിയരുടെ കവിതയുടെ സാമാന്യധർമ്മങ്ങൾ ഏതൊക്കെയാണ് ? *15*

**Q4.** (a) രൂപഭാവതലങ്ങളുടെ കാര്യത്തിൽ മലയാളകവിതയ്ക്കു പുതിയൊരു ഭാഷയും ഭാവുകത്വവും നല്കുന്നതാണു് 'കുരുക്ഷേത്രം'. വിശദീകരിക്കുക. *20*

(b) പുതുമയെ കൈക്കൊള്ളുമ്പോഴും പാരമ്പര്യത്തെയും വിശ്വാസങ്ങളെയും വിസ്മരിക്കാൻ കഴിയാത്ത കഥാപാത്രമാണു് 'പണ്ടത്തെ മേശാന്തി'യിലെ തുപ്പൻ. ചർച്ചചെയ്യുക. *15*

(c) 'മേഘരൂപ'നിലെ കഥാപാത്രം ഒരു വ്യക്തിയല്ല ഏതു മലയാളിയുമാകാം. 'ഏതോ വളകിലുക്കം കേട്ടലയും ഭ്രഷ്ടകാമുകൻ' എന്ന കാവ്യഭാഗം ഈ അഭിപ്രായത്തെ സാധൂകരിക്കുന്നുണ്ടോ എന്നു ചിന്തിക്കുക. *15*

## SECTION B

**Q5. താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുത് :** *10×5=50*

(a) 'ഇന്ദുലേഖ' എന്ന നോവലിൽ അന്തർദ്ധാരയായി വർത്തിക്കുന്നത് സ്ത്രീയുടെ സ്വാതന്ത്ര്യ പ്രഖ്യാപനമാണ്. ചർച്ചചെയ്യുക. *10*

(b) 'ചെമ്മീൻ' ഒരു അനശ്വര പ്രേമകഥ മാത്രമാണെന്നു കരുതാമോ ? യുക്തിപൂർവ്വം നിരൂപിക്കുക. *10*

(c) മലയാളചെറുകഥ ഘടനാപരമായ ഭദ്രത കൈവരിക്കുന്നത് എം.ടി. യുടെ കഥകളിലാണ്. 'ചെറിയ, ചെറിയ ഭൂകമ്പങ്ങൾ' എന്ന കഥയെ ആസ്പദമാക്കി പരിശോധിക്കുക. *10*

(d) 'പണ്ടത്തെ രാജാധിപത്യകാലത്തെ വടംവലികൾ തന്നെ ഈ പ്രജാധിപത്യകാലത്തും ആവർത്തിക്കുന്നു' എന്നു മാരാർ നിരീക്ഷിക്കുന്നു. ഇതു് എത്രത്തോളം യുക്തിഭദ്രമാണ് ? *10*

(e) എഴുതുന്നയാളിന്റെ വികാരങ്ങളുടെയും അനുഭൂതികളുടെയും സത്യസന്ധമായ ആവിഷ്കാരമാണ് ആത്മകഥ. 'വളർന്നുവരുന്ന ഒരാത്മാവ്' എന്ന ഭാഗം അടിസ്ഥാനപ്പെടുത്തി പരിശോധിക്കുക. *10*

**Q6.** (a) സാമൂഹിക യാഥാർത്ഥ്യങ്ങളെക്കാൾ ഭാവനാത്മകമായ കാല്പനിക ഭംഗിക്കാണ് 'ചെമ്മീൻ' എന്ന നോവലിൽ മുൻതൂക്കമുള്ളത്. ചർച്ചചെയ്യുക. *20*

(b) വിഷയവൈവിധ്യവും ആഖ്യാന ചാതുരിയുമാണ് എൻ.എസ്. മാധവന്റെ കഥകളുടെ സവിശേഷത. 'ഹിഗ്വിറ്റ' എന്ന കഥാസമാഹാരത്തെ ആസ്പദമാക്കി പരിശോധിക്കുക. *15*

(c) 'വ്യാസന്റെ ചിരി'യിൽ മാരാരുടെ ഹാസ്യ സാഹിത്യ സങ്കല്പം അടങ്ങിയിട്ടുണ്ട്. വ്യക്തമാക്കുക. *15*

**Q7.** (a) ആക്ഷേപഹാസ്യം വളരെ ഫലപ്രദമായി ഉപയോഗിച്ച നാടകങ്ങളിൽ മുൻപന്തിയിൽ നില്ക്കുന്നു '1128-ൽ ക്രൈം 27'. പരിശോധിക്കുക. *20*

(b) ചങ്ങമ്പുഴയുടെ വ്യക്തിജീവിതവും കാവ്യജീവിതവും 'ചങ്ങമ്പുഴ കൃഷ്ണപിള്ള : നക്ഷത്രങ്ങളുടെ സ്നേഹ ഭാജനം' എന്ന കൃതിയിൽ എങ്ങനെ സമന്വയിപ്പിച്ചിരിക്കുന്നു ? *15*

(c) 'ഒരു രഹസ്യം സൂക്ഷിക്കാൻ കിട്ടിയതിൽ ആഹ്ലാദം.' വാനപ്രസ്ഥം എന്ന കഥയിലെ ആ രഹസ്യം എന്തായിരുന്നു ? *15*

**Q8.** (a) മലയാളനോവലിൽ 'ഖസാക്കിന്റെ ഇതിഹാസം' ഒരു അനന്വയമാണ്. ഇതിവൃത്തം, പ്രതിപാദനം, ഭാഷ ഇവയെ അടിസ്ഥാനപ്പെടുത്തി ചർച്ചചെയ്യുക. *20*

(b) ആത്മപ്രശംസ കൂടാതെ ഒരാൾക്കു് അവനവനെക്കുറിച്ചു് അധികനേരം സംസാരിക്കാനാവില്ല. ഇതിന്നൊരപവാദമാണു് 'കണ്ണീരും കിനാവും'. ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ടോ ? *15*

(c) സാഹിത്യത്തിലൂടെയുള്ള സാമൂഹിക പരിഷ്കരണം എന്ന ലക്ഷ്യം 'ഇന്ദുലേഖ'യുടെ രചനയ്ക്കു പിന്നിൽ ഉണ്ടായിരുന്നുവോ ? പരിശോധിക്കുക. *15*

**M-ESC-D-MLY**

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## (സാഹിത്യം) / ( LITERATURE )

| | |
|---|---|
| സമയം : **മൂന്ന്** മണിക്കൂർ<br>*Time Allowed : **Three** Hours* | പരമാവധി മാർക്ക് : **250**<br>*Maximum Marks : **250*** |

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ്.

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്. ശേഷിക്കുന്ന **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ**ത്തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ട് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### QUESTION PAPER SPECIFIC INSTRUCTIONS

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Questions no. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

## SECTION A

**Q1. സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത് :** *10×5=50*

(a) ഊനമറ്റെഴുമി രാമചരിതത്തിലൊരു തെ-
ല്ലൂഴിയിൽ ചെറിയവർക്കറിയുമാറുരചെയ്‌വാൻ
നാനുടക്കിനതിനേണ നയനേ, നടമിടെൻ
നാവിലിച്ചയൊടു വച്ചടിയിണക്കമലതാർ. *10*

(b) "കാളംപോലേ കുസുമധനുഷോ ഹന്ത ! പൂങ്കോഴി കൂകീ
ചോളംപോലേ ചെതറി വിളറീ താരകാണാം നികായം
താളംപോലേ പുലരിവനിതയ്ക്കാഗതൗ ചന്ദ്രസൂര്യൗ
നാളംപോലേ നളിനകുഹരാദുദ്ഗതാ ഭൃംഗരാജിഃ" *10*

(c) "പൊടിയോ മറ്റോ വീണോ കണ്ണി ? ... ലിന്നെന്താ വെള്ളം
പൊടിയാൻ ? ചൂൽ കാണിച്ചിട്ടേറെനാളായീ മച്ചിൽ." *10*

(d) ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോക രഹസ്യമാർക്കുമേ. *10*

(e) ഇത്തിരിപ്പോന്നൊരു വെൺകുളിർ
കല്ലേറ്റ് ഭിത്തി പൊടിഞ്ഞു തകരുന്ന മാത്രയിൽ
കണ്ണാടി മാളികയിൽ ഉറങ്ങിക്കിട-
ക്കുന്നോരുണ്ണിപോൽ ഞാനൊന്നു ഞെട്ടിത്തരിച്ചുപോയ്. *10*

**Q2.** (a) ഭാഷയെ നിജപ്പെടുത്തുന്നതിൽ നിരണം കൃതികൾ നൽകിയ സംഭാവനകൾ 'കണ്ണശ്ശരാമായണം' ബാലകാണ്ഡത്തെ ആസ്പദമാക്കി ചർച്ചചെയ്യുക. *20*

(b) ഒരു സാഹിത്യപ്രസ്ഥാനമെന്ന നിലയിൽ കിളിപ്പാട്ടിന്റെ വളർച്ചയിൽ എഴുത്തച്ഛന്റെ 'മഹാഭാരത'ത്തിന്റെ സ്ഥാനം 'ഭീഷ്മപർവ്വ'ത്തെ അടിസ്ഥാനമാക്കി ചർച്ചചെയ്യുക. *15*

(c) 'ഉണ്ണുനീലി സന്ദേശ'ത്തിന്റെ ആസ്വാദ്യതയ്ക്കു അടിസ്ഥാനം അതിലെ അലങ്കാര കല്പനകളാണ്. ചർച്ചചെയ്യുക. *15*

**Q3.** (a) നാടകീയ സ്വഗതാഖ്യാനം എന്ന നിലയിൽ 'ചിന്താവിഷ്ടയായ സീത' എന്ന കൃതിയ്ക്കു് ഒരു ആസ്വാദനം തയ്യാറാക്കുക. *20*

(b) 'തീവണ്ടിയിലെ പാട്ടു്' എന്ന കവിതയുടെ സാംസ്കാരിക പശ്ചാത്തലം വിവരിക്കുക. *15*

(c) ഇന്നും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരുജ്ജ്വല നാടകീയ ഭാവകാവ്യമാണു് 'കുടിയൊഴിക്കൽ'. ചർച്ചചെയ്യുക. *15*

**Q4.** (a) "കുരുക്ഷേത്രം എന്ന ആദിരൂപത്തിലേക്കു് കാലികപ്രശ്നങ്ങൾ ഉൾക്കൊള്ളിക്കാനുള്ള ശ്രമത്തിൽ കവിത പൊയ്പോയി" എന്ന വാദം സ്വീകാര്യമാണോ ? പരിശോധിക്കുക. *20*

(b) "വനനശീകരണംകൊണ്ടുള്ള പ്രാദേശികദുരന്തത്തിന്റെ ചിത്രം മാത്രമല്ല, മനുഷ്യവർഗ്ഗത്തിന്റെ പരമവിനാശത്തിന്റെ ചിത്രം കൂടിയാണ് 'ഭൂമിക്കൊരു ചരമഗീതം'." ചർച്ചചെയ്യുക. *15*

(c) 'മേഘരൂപൻ'എന്ന കവിതയിൽ പി. കുഞ്ഞിരാമൻ നായരുടെ വ്യക്തിത്വം അനാവൃതമാകുന്നുണ്ടോ ? നിരീക്ഷിക്കുക. *15*

## SECTION B

**Q5.** **താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത് :** *10×5=50*

(a) "ശൈലീവിശേഷതകളാണു് 'ഖസാക്കിന്റെ ഇതിഹാസ'ത്തെ ശ്രദ്ധേയമാക്കുന്നതു്." നിരൂപിക്കുക. *10*

(b) കറുത്തമ്മയുടെ വ്യക്തിത്വം വേണ്ടവിധത്തിൽ പ്രകടമാക്കാൻ തകഴി ശ്രമിച്ചിട്ടില്ല എന്ന ആരോപണത്തിൽ കഴമ്പുണ്ടോ ? വ്യക്തമാക്കുക. *10*

(c) 'ഇന്ദുലേഖ'യിലൂടെ സാമൂഹിക പരിഷ്കാരങ്ങൾക്കു് ബീജാവാപം ചെയ്തു ചന്തുമേനോൻ. പരിശോധിക്കുക. *10*

(d) മഹാഭാരതകഥയിലെ അസാമാന്യ തേജസ്വിയായി മാരാർ കർണ്ണനെ അവരോധിച്ചതിലെ യുക്തി എന്തു് ? *10*

(e) നാടക നിഷേധപരമായ നാടകമാണു് സി.ജെ. തോമസ്സിന്റെ '1128-ൽ ക്രൈം 27'. പരിശോധിക്കുക. *10*

**Q6.** (a) മലയാള നോവൽ സാഹിത്യ ചരിത്രത്തിൽ ഇന്ദുലേഖയ്ക്കുള്ള സ്ഥാനം അടയാളപ്പെടുത്തുക. *20*

(b) "ഒരു സംഘമെന്ന നിലയിൽ മുക്കുവരുടെ ദൈനംദിന പ്രവർത്തനങ്ങൾ സജീവമായി ചിത്രീകരിക്കുന്നതിൽ തകഴി അസൂയാർഹമായ വിജയം നേടിയിട്ടുണ്ടു്." നിരൂപിക്കുക. *15*

(c) "രവിയുടെ പാപം അയാളുടെ ദൗർബല്യമാണ്, അതിന്റെ ഏറ്റുപറയൽ അയാളുടെ പ്രാർത്ഥനയും." 'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ നായകനെക്കുറിച്ചുള്ള ഈ പ്രസ്താവം വിലയിരുത്തുക. *15*

**Q7.** (a) "മരിക്കുന്നവനെ സംബന്ധിച്ചിടത്തോളം മരണം ഒരു ഫലിതമാണെന്നും മറ്റുള്ളവർക്കു് അത് പലതരം അനുഭവങ്ങളായേക്കാമെന്നും വ്യക്തമാക്കിത്തരുന്ന ഒരു നാടകമാണ് '1128-ൽ ക്രൈം 27'." നിരൂപിക്കുക. *20*

(b) കഥയുടെ അന്തരീക്ഷ സൃഷ്ടിയിൽ എം.ടി. പുലർത്തുന്ന സൂക്ഷ്മത 'വാനപ്രസ്ഥം' എന്ന കഥയിൽ എങ്ങനെ വെളിപ്പെടുന്നു ? വിശദമാക്കുക. *15*

(c) കഥാപാത്രാവിഷ്കരണത്തിലും അന്തരീക്ഷചിത്രീകരണത്തിലും ഏറെ ശ്രദ്ധിക്കുന്ന ഒരു ചെറുകഥാകൃത്താണ് എൻ.എസ്. മാധവൻ എന്ന് 'ഹിഗ്വിറ്റ'യിലെ കഥകളെ അടിസ്ഥാനമാക്കി പറയാമോ ? പരിശോധിക്കുക. *15*

**Q8.** (a) 'ഭാരത പര്യടനത്തിലെ ഭീഷ്മരുടെ ധർമ്മനിശ്ചയം' എന്ന അദ്ധ്യായത്തിൽ മനുഷ്യന്റെ ധർമ്മസങ്കടങ്ങളാണു് മാരാർ വിശദീകരിക്കുന്നത്. ചർച്ചചെയ്യുക. *20*

(b) "രാമൻ ചെയ്തതു് ഗുരുനിന്ദയാണു്. ഉമിത്തീയിൽ ദഹിച്ചാലും തീരാത്ത പാപകർമ്മമാണതു്." 'കണ്ണീരും കിനാവും' എന്ന കൃതിയിൽ പരാമൃഷ്ടമാകുന്ന ആ ഗുരുനിന്ദയെന്ത് ? *15*

(c) 'ചങ്ങമ്പുഴ കൃഷ്ണപിള്ള നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന ഗ്രന്ഥ നാമം ആ കൃതിക്കു് അന്വർത്ഥമാണോ എന്ന് പരിശോധിക്കുക. *15*

STH-D-MLY

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## സാഹിത്യം / LITERATURE

സമയം : **മൂന്ന്** മണിക്കൂർ
*Time allowed : **Three** Hours*

പരമാവധി മാർക്ക് : **250**
*Maximum Marks : **250***

---

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വ വായിക്കുക :**

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും / വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട് ഉത്തരങ്ങൾ **മലയാളത്തിൽ**ത്തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അത് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ട് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Questions no. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

## SECTION A

**Q1. സന്ദർഭം, ആശയം, സാരസ്യം എന്നിവ വ്യക്തമാക്കുക. ഒരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത് :** *10×5=50*

(a) "അതുകാലം വരിഷവുമുണ്ടായവനന്തരമേ പുനരംഗാധിപനും
വിധിയാലെ മകളാകിയ ശാന്തയെ വിരവൊടു വൈഭണ്ഡകനു കൊടുത്താൻ
അതിനാലന്നുതുടങ്ങി മഹാമുനിയവിടെപ്പുക്കാൻ ഭാര്യയുമായേ;
മതിമാനാകിയ മുനിവനെയിവിടെ വരുത്തുമതിന്നിനിയെളുതു നമുക്കും" *10*

(b) "അനുചിതമിതറിക നൃപകുലമതിനു നല്ലത-
ല്ലയോ ! നിനക്കു ദുഷ്കീർത്തിയുണ്ടായ്‌വരും." *10*

(c) "കന്യമാർക്കു നവാനുരാഗങ്ങൾ
കമ്രശോണ സ്ഫടിക വളകൾ;
ഒന്നു പൊട്ടിയാൽ മറ്റൊ-ന്നിവണ്ണ-
മുന്നയിപ്പുഞാൻ തത്ത്വനിരകൾ." *10*

(d) "പോരുവാൻ തോന്നീ, പക്ഷേ പോന്നി; -ല്ലാകാലത്തോള-
മാരുമോതാറില്ലെന്നോടന്യനോടാലോചിക്കാൻ." *10*

(e) "ഇല്ല ഗതിയെന്നു തീർച്ചയായാൽപ്പുലി
പുല്ലും പതുക്കെത്തിന്നുമെന്നില്ലയോ ?" *10*

**Q2.** (a) 'രാമചരിതം' ലക്ഷണയുക്തമായ ഒരു പാട്ടുകൃതിയാണോ എന്ന് പാഠ്യഭാഗത്തെ ആസ്പദമാക്കി വ്യക്തമാക്കുക. *20*

(b) പാട്ടുകാവ്യങ്ങളും മണിപ്രവാളകാവ്യങ്ങളും സൗന്ദര്യരചനയിൽ വ്യതിരിക്തമാകുന്നതെങ്ങനെയെന്നു് ഉണ്ണുനീലിസന്ദേശത്തേയും രാമചരിതത്തേയും മുൻനിറുത്തി, പാഠ്യഭാഗങ്ങളിൽ നിന്നും ഉദാഹരണങ്ങൾ ഉദ്ധരിച്ച്ു് വിശദമാക്കുക. *15*

(c) ഭക്തിയും തത്വചിന്തയും 'മഹാഭാരതം' കിളിപ്പാട്ടിൽ എത്രത്തോളമുണ്ടെന്ന് 'ഭീഷ്മപർവ്വ'ത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക. *15*

**Q3.** (a) 'ചിന്താവിഷ്ടയായ സീത' എന്ന കാവ്യത്തിലെ അലങ്കാരകല്പനകൾ, ധ്വനി, കാവ്യഗുണങ്ങൾ, ശില്പരചന, ഇതിവൃത്തസ്വീകരണം, വൃത്തം എന്നിവയെ മുൻനിറുത്തി കുമാരനാശാന്റെ കാവ്യകലയുടെ ഏകലമായ പ്രത്യേകതകൾ വിവരിക്കുക. *20*

(b) ഒരു പിതാവിന്റെ കുറ്റബോധം മാത്രമാണോ 'പെരുന്തച്ചനി'ൽ ജി. ശങ്കരക്കുറുപ്പ്ു് ആവിഷ്കരിച്ചിട്ടുള്ളതു് ? പരിശോധിക്കുക. *15*

(c) 'തീവണ്ടിയിലെ പാട്ടി'നെ മുൻനിറുത്തി കാല്പനികതയോടല്ല, അതിന്റെ ദൗർബ്ബല്യങ്ങളോടാണ് എൻ.വി. കൃഷ്ണവാരിയർ കലാപം കാട്ടിയതു് എന്ന് പറയാമോ ? എന്തുകൊണ്ട് ? *15*

**Q4.** (a) "പ്രകൃതിയുടെ നിത്യവാത്സല്യവും മനുഷ്യജീവിതത്തിന്റെ പ്രശ്നാകുലമായ പരുക്കൻ ഭാവവും ഒ.എൻ.വി. കുറുപ്പിന്റെ കവിതകൾക്കു് പ്രചോദകമായിട്ടുണ്ടു്." 'ഭൂമിക്ക് ഒരു ചരമഗീതം' എന്ന കവിതയെ മുൻനിറുത്തി വിശദമാക്കുക. *20*

(b) അയ്യപ്പപ്പണിക്കരുടെ 'കുരുക്ഷേത്രം' മലയാളകവിതയുടെ വഴിത്തിരിവിനു് കാരണമായതെങ്ങനെയെന്നു് പരിശോധിക്കുക. *15*

(c) പി. കുഞ്ഞിരാമൻനായരുടെ വ്യക്തിത്വത്തെ മുന്നിൽക്കണ്ടെഴുതിയ 'മേഘരൂപൻ' ഔപചാരികതയുടെ സീമകളെ ലംഘിച്ച് ദീപ്തമായ ആവിഷ്കാരമായി മാറുന്നതെങ്ങനെയെന്ന് സ്പഷ്ടമാക്കുക. *15*

## SECTION B

**Q5. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത് :** *10×5=50*

(a) 'ഇന്ദുലേഖ'യിലെ നായികാനായകന്മാരുടെ ലക്ഷണങ്ങൾ കേരളീയമല്ല എന്ന ആക്ഷേപം അവഗണനാർഹമാണോ ? പരിശോധിക്കുക. *10*

(b) "പ്രമേയത്തിലും ജിവിത സമീപനത്തിലും കാണുന്ന ജാഗ്രതപോലെ ശ്രദ്ധേയമാണ് എൻ.എസ്. മാധവന്റെ കഥകളുടെ സാങ്കേതിക സൂക്ഷ്മതയും." 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന കഥയെ അടിസ്ഥാനമാക്കി ചർച്ചചെയ്യുക. *10*

(c) ക്രൈം നാടകത്തിലെ ഗുരുശിഷ്യ സംവാദത്തിന്റെ പ്രാധാന്യം വിശദമാക്കുക. *10*

(d) 'നിഷ്പക്ഷ നിരൂപണമെന്നൊന്നില്ല' എന്ന കുട്ടിക്കൃഷ്ണമാരാരുടെ നിലപാടിനു് ബലംനൽകുന്നതാണോ 'ഭാരതപര്യടന'ത്തിലെ 'ഘോഷയാത്ര' എന്ന ലേഖനം ? പരിശോധിക്കുക. *10*

(e) അമ്മുക്കുട്ടിയുമായുള്ള ആത്മബന്ധത്തിന്റെ കഥ വി.ടി. ഭട്ടതിരിപ്പാടു് വെളിപ്പെടുത്തുന്നതെങ്ങനെ ? *10*

**Q6.** (a) മുക്കുവരുടെ നാടോടിഭാഷ, നാടോടിജീവിതം, പുരാവൃത്തം, സംസ്കാരം, പ്രദേശം തുടങ്ങിയ ആഖ്യാന പശ്ചാത്തലം 'ചെമ്മീൻ' എന്ന നോവലിന്റെ പ്രണയദുരന്ത പ്രമേയ ആവിഷ്കരണത്തിനു് ഗുണപരമായി പ്രവർത്തിയ്ക്കുന്നതെങ്ങനെയെന്നു് വിശദമാക്കുക. *20*

(b) "അന്നത്തെ കേരളീയ സമൂഹത്തെക്കുറിച്ചുള്ള ചിത്രങ്ങൾ സമ്മാനിക്കുന്നുണ്ടെങ്കിലും മൊത്തമായി വിലയിരുത്തിയാൽ 'ഇന്ദുലേഖ' ഒരു യാഥാർത്ഥ്യമല്ല — ചന്തുമേനോന്റെ ഒരു സ്വപ്നമായിരുന്നു." ഈ അഭിമതത്തോടു് യോജിക്കുന്നുണ്ടോ ? *15*

(c) 'കർമ്മപരമ്പരയുടെ സ്നേഹരഹിതമായ കഥ'യെന്ന് 'ഖസാക്കിന്റെ ഇതിഹാസ'ത്തെ വിശേഷിപ്പിക്കുന്നതു് ഉചിതമാണോ ? പരിശോധിക്കുക. *15*

**Q7.** (a) "എം.ടി. യുടെ കഥാപാത്രങ്ങൾ പൊതുവെ ഏകാകികളും അന്തർമുഖരുമാണു്" എന്ന പ്രസ്താവനയുടെ സാധുത 'വാനപ്രസ്ഥ'ത്തിലെ കഥകളെ മുൻനിറുത്തി പരിശോധിക്കുക. 20

(b) "ഏകാഗ്രമായ ഘടന, സംക്ഷിപ്തവും ധ്വന്യാത്മകവുമായ വിവരണം, അഗാധവർത്തിയായ നാടകീയത, കോറലുകളിലൂടെ തിളക്കിയെടുക്കുന്ന കഥാപാത്രങ്ങൾ മുതലായവ എൻ.എസ്. മാധവന്റെ കഥകളുടെ മുഖ്യ സവിശേഷതകളാണ്." 'ഹിഗ്വിറ്റ'യിലെ കഥകളെ ആധാരമാക്കി നിരൂപിക്കുക. 15

(c) മലയാള നാടക സാഹിത്യചരിത്രത്തിൽ '1128-ൽ ക്രൈം 27' എന്ന നാടകത്തിനുള്ള സ്ഥാനം അടയാളപ്പെടുത്തുക. 15

**Q8.** (a) ചങ്ങമ്പുഴയുടെ 'ശപിയ്ക്കപ്പെട്ട ഗന്ധർവ്വജീവിത'ത്തെ കവിതകളിൽനിന്നും ജീവചരിത്രത്തിൽനിന്നും എം.കെ. സാനു നിരീക്ഷിച്ചെടുക്കുന്നതെങ്ങനെ ? വിശദീകരിക്കുക. 20

(b) നീതിയുടേയും ധർമ്മത്തിന്റേയും സദാചാരത്തിന്റേയും മാനവികപക്ഷത്തുനിന്നുള്ള മഹാഭാരതവിചാരണകളാണു് 'ഭാരതപര്യടനം'. ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന ഉദാഹരണങ്ങൾ 'ഭാരതപര്യടന'ത്തിൽ നിന്നും ഉദ്ധരിച്ചു് സമർത്ഥിക്കുക. 15

(c) വി.ടി. പരിചയപ്പെടുത്തുന്ന ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിന്റെ സ്വഭാവസവിശേഷതകൾ വിവരിക്കുക. 15

CS (Main) Exam, 2018

**EGT-D-MLY**

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## (സാഹിത്യം) / ( LITERATURE )

സമയം : **മൂന്ന് മണിക്കൂർ**
*Time Allowed :* ***Three Hours***

പരമാവധി മാർക്ക് : **250**
*Maximum Marks :* ***250***

---

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും / വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ട് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are* ***EIGHT*** *questions divided in* ***TWO SECTIONS****.*

*Candidate has to attempt* ***FIVE*** *questions in all.*

*Question nos.* ***1*** *and* ***5*** *are compulsory and out of the remaining, any* ***THREE*** *are to be attempted choosing at least* ***ONE*** *question from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in* ***MALAYALAM (Malayalam script)****.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

## SECTION A

**Q1. സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഒരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുതു് :** *10×5=50*

(a) ഓർത്തൊരുപായമതിന്നു മഹീപതിയൊണ്ണുതലാരെ വിളിച്ചരുൾചെയ്താൻ
ആസ്ഥയൊടടവിയിൽ മുനിവരുമായ്ച്ചെൻറാശ്രമവാസി വിഭണ്ഡകപുത്രനെ
നേത്രവിലോഭനമഴകൊടുചേർത്തിഹ നിങ്ങൾ വരുത്തുകയെന്നതിനവരും
പേർത്തു മഹാപൂപാദികളോടെ പേടിയോഴിന്തു മഹാടവിപുക്കാർ. *10*

(b) കോകശ്രേണി വിരഹനിഹിതം തിനുറുങ്ങെൻറപോലെ
തൂകിത്തൂകിത്തുഹിനകണികാം തൂർന്ന പൂങ്കാവിലൂടെ
സ്തോകോന്മീലന്നളിന തെളിതേൻ കാളകൂടാംബുകോരി -
ത്തേകിത്തേകിപ്പവനനവനെച്ചെൻറു കൊൻറാൻ തദാനീം *10*

(c) അതിപാവനമാം വിവാഹമേ !
ശ്രുതിമന്ദാരമനോജ്ഞപുഷ്പമായ്
ക്ഷിതിയിൽ സുഖമേകിനിന്ന നിൻ -
ഗതി കാൺകെത്രയധഃപതിച്ചു നീ ! *10*

(d) കുഴൽവിളി നിർത്തുവതെങ്ങനെ ? തുടരുവ -
തെങ്ങനെ ? പോംവഴിയൊന്നറിയാതെ
കുറവൻ സംഭ്രമമാർന്നു, രാവി -
ന്നറുതിവരാറായ്, വെള്ളിയുദിച്ചു ; *10*

(e) "പൂർവ്വജന്മത്തിലെക്കർമ്മ"മെന്നച്ഛന്റെ
പൂണുനൂലിൽച്ചുടുകണ്ണീർ പതിയ്ക്കവേ,
കണ്ണുപറിച്ചുനടന്നേൻ; ഉദാസീന -
നെന്നുടെ പാപമിജ്ജന്മത്തെയല്ലയോ ? *10*

**Q2.** (a) ഇതിവൃത്തം, വർണ്ണന, വൃത്തം, ഭാഷ എന്നിവയുടെ പ്രത്യേകതകൾ രാമചരിതത്തെ അടിസ്ഥാനമാക്കി വിവരിക്കുക. *20*

(b) "മണിപ്രവാള കാവ്യപാരമ്പര്യത്തിന്റെ ഒരുത്തമ പ്രതിനിധിയാണു് 'ഉണ്ണുനീലിസന്ദേശം'." സമർത്ഥിക്കുക. *15*

(c) അനുവാചകരിൽ വീരരസം ഉദ്ദീപ്തമാക്കുവാനുള്ള എഴുത്തച്ഛന്റെ യുദ്ധവർണ്ണനാപാടവം ഭീഷ്മപർവ്വത്തെ മുൻനിറുത്തി വിശദമാക്കുക. *15*

**Q3.** (a) രാഷ്ട്രീയമായും സാമൂഹികമായും സർഗ്ഗാത്മകമായും നായകൻ അനുഭവിക്കുന്ന ആന്തരിക സംഘർഷത്തെ ആത്മനിന്ദയിലൂടെയും ആത്മ വിമർശനത്തിലൂടെയും സ്വയം വിചാരണയിലൂടെയും സത്യസന്ധമായി വെളിപ്പെടുത്തുന്ന 'കുടിയൊഴിക്കൽ' എന്ന കാവ്യത്തിന്റെ രചനാതന്ത്രം ഉദാഹരണങ്ങൾ ഉദ്ധരിച്ച് വിശദമാക്കുക. *20*

(b) "രണ്ടു സീതമാരുള്ള ഒരു സീതാകാവ്യമാണു് കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത'. കവിപ്രതിഭയുടെ മഹത്തായ സവിശേഷതകളെയും മേന്മകളേയും പരാധീനതകളേയും സ്പഷ്ടമായുദാഹരിക്കുന്ന ഒരു കാവ്യപരാജയമാണതു്." പി.കെ. ബാലകൃഷ്ണന്റെ ഈ നിരീക്ഷണത്തിന്റെ സാധുത വ്യക്തമാക്കുക. *15*

(c) "പരമ്പരകളായി തുടർന്നുപോരുന്ന തലമുറകൾ തമ്മിലുള്ള ദാർശനികമായ അകലത്തിന്റേയും കലഹത്തിന്റേയും സർഗ്ഗാത്മകമായ സംഘർഷമാണു് 'പെരുന്തച്ച'നിലെ പ്രമേയം." വിലയിരുത്തുക. *15*

**Q4.** (a) കവിതയെപ്പററി നിലവിലുള്ള ധാരണകൾ പുതുക്കുന്നതിൽ ആധുനിക കവിത വഹിച്ച പങ്ക് 'കുരുക്ഷേത്രം' എന്ന കവിതയെ മുൻനിറുത്തി വിവരിക്കുക. *20*

(b) "കാവ്യകലയുടെ അപാരവും വന്യവും സുന്ദരവുമായ സർഗ്ഗപ്രഭാവങ്ങളെ ഉണർത്തുകയാണു് 'മേഘരൂപൻ'." സമർത്ഥിയ്ക്കുക. *15*

(c) നവീന പരിസ്ഥിതി ചിന്തയുടെ വെളിച്ചത്തിൽ 'ഭൂമിയ്ക്കൊരു ചരമഗീതം' എന്ന കവിതയെ അപഗ്രഥിയ്ക്കുക. *15*

## SECTION B

**Q5.** **ഒരോ ഉത്തരവും നൂറ്റിയമ്പതു് വാക്കിൽ കവിയരുത് :** *10×5=50*

(a) 'ഇന്ദുലേഖ'യിലെ പതിനെട്ടാമദ്ധ്യായത്തിലെ ചർച്ചയ്ക്കു് നോവലിലുള്ള പ്രസക്തിയെന്തെന്നു് ചൂണ്ടിക്കാണിയ്ക്കുക. *10*

(b) ചെമ്പൻകുഞ്ഞു് പറഞ്ഞു : "എനിക്കെനി ഒരു വാദ്ധ്യതെയേയൊള്ളു. തന്റെ കാശു് . എന്നെ നശിപ്പിക്കാനെക്കൊണ്ടു് താന് എന്റെ മൊകാളെ പെഴാപ്പിക്കാൻ വിജാരിച്ചു താന്ന കാശു്, ഇന്നാ." ഈ സന്ദർഭം ചെമ്പൻകുഞ്ഞിന്റെ സ്വഭാവചിത്രീകരണത്തിലെ പരിവർത്തനമായി കാണാമോ ? വിശദമാക്കുക. *10*

(c) "എന്നിട്ടും അർജ്ജുനന് ആ ഗാണ്ഡീവത്തിലും ആ ആവനാഴിയിലുമുള്ള മമതാഭിമാനം, അവ തനിയ്ക്കുണ്ടെന്ന ഊററം ഉപേക്ഷിപ്പാൻ സാധിച്ചില്ലെന്നതാണു് ഈ വിഷാദകഥയുടെ അങ്ങേയററം." വിശദമാക്കുക. *10*

(d) "ഞാൻ മുറിച്ചുകളഞ്ഞ മുടി അവനു് ഗർഭപാത്രത്തിൽ കുരുത്തതാണെന്ന അറിവു് എന്നെ വീർപ്പുമുട്ടിയ്ക്കുവാൻ തുടങ്ങി." സിസ്റ്റർ അഗതയുടെ വാക്കുകളിലെ ആന്തരാർത്ഥം വ്യക്തമാക്കുക. *10*

(e) "ചങ്ങമ്പുഴയുടെ ദാമ്പത്യജീവിതത്തിൽ നിലനിന്ന സംഘർഷാത്മകമായ അന്തരീക്ഷം അതേപടി 'കളിത്തോഴി'യിലും ചിത്രീകൃതമായിട്ടുണ്ടു്." വിശദമാക്കുക. *10*

**Q6.** (a) "ഇതു് കർമ്മപരമ്പരയുടെ സ്നേഹരഹിതമായ കഥയാണു്. ഇതിൽ അകൽച്ചയും ദുഃഖവും മാത്രമേയുള്ളു." ഖസാക്കിന്റെ ഇതിഹാസത്തിലെ ഈ ജ്ഞാനോക്തികൾ നോവലിന്റെ കഥാഗതിയെ പിന്തുടരുന്നതെങ്ങനെ ? *20*

(b) "നിസ്സഹായനായ ഒരുവനെ പററം ചേർന്നു് ഒററപ്പെടുത്തുന്ന ആൾക്കൂട്ടമാണു് 'ചെമ്മീനി'ലെ സമൂഹം. അനാഥനായി ജനിയ്ക്കുകയും ജീവിയ്ക്കുകയും ചെയ്ത പളനിയെപ്പോലെ ഏകാകിയായ കഥാപാത്രം പിൽക്കാലത്തെ ആധുനീകസാഹിത്യത്തിൽ പോലും ഉണ്ടായിട്ടുണ്ടോ എന്നു് സംശയമാണു്." വി.സി. ശ്രീജന്റെ ഈ നിരീക്ഷണത്തെ സമർത്ഥിക്കുക. *15*

(c) 'നോവൽ' എന്ന സാഹിത്യശാഖയുടെ അടിസ്ഥാന ലക്ഷണങ്ങൾ എന്ത് ? മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവലായി പരിഗണിക്കുന്ന 'ഇന്ദുലേഖ' നോവലിന്റെ ലക്ഷണങ്ങൾ അനുസരിയ്ക്കുന്നുണ്ടോ എന്നു് വിശദമാക്കുക. 15

**Q7.** (a) "നാടകമുൾപ്പെടെയുള്ള വ്യവസ്ഥാപിത സ്ഥാപനങ്ങളുടേയും സ്ഥാപനവൽകൃത വ്യവസ്ഥകളുടേയും പൊള്ളത്തരത്തേയും അസംബന്ധത്തേയും കണക്കിനു പരിഹസിയ്ക്കുമ്പോൾ തന്നെ ജനന - മരണങ്ങളുടെ പൊരുൾതേടുന്ന ഒരു ദാർശനിക നാടകമായി നിലയുറപ്പിയ്ക്കുവാനും '1128 ൽ ക്രൈം 27' എന്ന നാടകത്തിനു് സാദ്ധ്യമാകുന്നുണ്ടു്." സമർത്ഥിക്കുക. 20

(b) "മാനസിക വളർച്ചയെത്താത്ത 'ജാനകിക്കുട്ടി'യുടെ പാത്രരചനയിൽ എം.ടി. വാസുദേവൻ നായർ സ്വീകരിയ്ക്കുന്ന മിഥ്യയും യാഥർത്ഥ്യവും ഇഴചേർന്ന ആഖ്യാന രചനാതന്ത്രം 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്ന കഥയുടെ സംവേദനം കൂടുതൽ വൈകാരികമാകാൻ സഹായിക്കുന്നുണ്ടു്." സമർത്ഥിയ്ക്കുക. 15

(c) കഥകളിയുടെ അന്തരീക്ഷവും സംസ്കാരവും 'കാർമെൻ' എന്ന കഥയെ ആദ്യവസാനം ഭാവോജ്ജ്വലമാക്കുന്നതെങ്ങനെ എന്നു് വിശദമാക്കുക. 15

**Q8.** (a) "ഒരു വ്യക്തിയുടെ കഥ മാത്രമല്ല 'കണ്ണീരും കിനാവും'. ഒരു കാലഘട്ടത്തിന്റെ കഥയും അതുമായി പിണഞ്ഞുകിടക്കുന്ന ഒരു സമുദായത്തിന്റെ കഥയും കൂടിയാണു്." വിശദമാക്കുക.. 20

(b) ചങ്ങമ്പുഴയും സഞ്ജയനും തമ്മിൽ ഉണ്ടായ കലഹത്തിന്റെ കാര്യകാരണങ്ങളും സ്വഭാവവും വിവരിക്കുക. 15

(c) "ഇതാണു് കർണ്ണനെ മഹാത്മാവാക്കുന്ന ത്യാഗമെന്നു് ഞാൻ പറയും. ഇവിടെ, തനിയ്ക്കു് അർജ്ജുനനോടുള്ള ഈറയേക്കാളും വലുതു് ദുര്യോധനനോടുള്ള കൂറാണെന്നു് ആ വീരൻ തെളിയിച്ചുവല്ലോ." വിശദമാക്കുക. 15

CS (Main) Exam

**SDF-B-MLY**

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## (സാഹിത്യം) / ( LITERATURE )

| | |
|---|---|
| *സമയം : **മൂന്ന്** മണിക്കൂർ* | *പരമാവധി മാർക്ക് : **250*** |
| *Time Allowed : **Three** Hours* | *Maximum Marks : **250*** |

---

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

***ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :***

*ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.*

*പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .*

***ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.*

*ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.*

*ഓരോ ചോദ്യത്തിനും / വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.*

*ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.*

*ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.*

*ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.*

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM (Malayalam script)**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

## SECTION A

**Q1.** **സന്ദർഭം, ആശയം, സാരസ്യം എന്നിവ വ്യക്തമാക്കുക. ഒരോ ഉത്തരവും നൂറ്റിയമ്പതു് വാക്കുകളിൽ കവിയരുതു്.** *10×5=50*

(a) പുനരമിതഹസിതമൊടുമൊന്നു ചൊല്ലീടിനാൻ
പൊട്ടനത്രേ നീ സുയോധനാ നിർണ്ണയം. *10*

(b) ഉല്ലാസത്തൊടു വിനതാതനയ-
നുയർന്നു പറന്നാകാശേ മറ്റൊരു
പൊല്ലാമക്ഷിക തന്നാലാവതു
പൊങ്ങുവതിന്നാരേ മുനിയുന്നോർ. *10*

(c) തേൻമാവിൻമേൽ പ്പരഭൃതകുലം ദൃംഗമാലാ പലാശേ,
മാരൻ കൂരമ്പുള ചുഴലവും ചെമ്പകക്കാവുതോറും,
തെൻറൽ കൻറുണ്ടിനിയ ബകളേ, കിംശുകേ കിംശുകാളീ,
നാളീകത്താർനളിനിയിലവന്നെങ്ങു നോക്കാവുകൻറ്. *10*

(d) ബോധമാം നിറനിലാവൊരുതുള്ളിയെങ്കിലും
ചേതനയിൽ ശേഷിക്കുവോളം
നിന്നിൽനിന്നുരുവായി
നിന്നിൽനിന്നുയിരാർന്നൊ -
രെന്നിൽ നിന്നോർമകൾ മാത്രം. *10*

(e) ആയിരം മണിയുടെ നാക്കടക്കിടാ, മൊറ്റ
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ ? *10*

**Q2.** (a) തമിഴിൽ നിന്നും തികച്ചും വ്യതിരിക്തമായ കേരളീയ ഭാഷാ ശൈലിയിൽ ബ്രഹത്തായ രൂപശില്പവും മഹത്തായ ഭാവശില്പവും ഒത്തുചേരുംവണ്ണം വിരചിച്ച ആദികാവ്യം എന്നതാണ് രാമചരിതത്തിന്റെ പ്രാധാന്യം. പാട്ടിന്റെ ലക്ഷണ നിർവ്വചനം അതിൽ പൂർണ്ണമായും യോജിക്കുകയും ചെയ്യുന്നു. സമർഥിക്കുക. *20*

(b) "എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ
എന്റെയല്ലി മഹാക്ഷേത്രവും മക്കളേ." ഈ വരികളുടെ ഭാവഗരിമ 'പണ്ടത്തെ മേശാന്തി' യെ മുൻനിർത്തി ചർച്ച ചെയ്യുക. *15*

(c) തീവണ്ടിയിലെ പാട്ടിൽ കവി ഒരു കഥ മാത്രമേ പറയുന്നുള്ളു. "പക്ഷേ പ്രേമിക്കാൻ പോലും സ്വാതന്ത്ര്യമില്ലാത്ത സമുദായഘടനെയെ വായനക്കാരൻ വെറുക്കുകകൂടി ചെയ്യുന്നുണ്ട്." ഈ നിരീക്ഷണത്തെ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ ? *15*

**Q3.** (a) അജയ്യനെങ്കിലും വീരധർമ്മത്തിലുള്ള അതിയായ നിഷ്ഠ – ഭീഷ്മരെ അപൂർവ്വ കഥാപാത്രമാക്കുന്ന ഈ ധർമ്മനിഷ്ഠയുടെ അംശങ്ങളെ ഭീഷ്മപർവ്വത്തിൽ നിന്നും തെളിച്ചെടുക്കുക. *20*

(b) പഴയ കുരുക്ഷേത്രയുദ്ധം കൂടുതൽ വ്യാപകമായി നമ്മുടെ കാലത്തും ആവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന ദുരന്തസത്യത്തിന്റെ ഭാവമണ്ഡലത്തെ അയ്യപ്പപ്പണിക്കർ എങ്ങനെ വ്യാഖ്യാനിക്കുന്നു ? *15*

(c) "ശ്രീരാമനോടുള്ള അദമ്യമായ പ്രണയവും കീഴടങ്ങാൻ കൂട്ടാക്കാത്ത അഹംബോധവും തമ്മിലുള്ള സംഘർഷമാണ് ചിന്താവിഷ്ടയായ സീതയെ നാടകീയമാക്കുന്നത്." ഈ അഭിപ്രായത്തെ വിമർശനബുദ്ധ്യാ വിലയിരുത്തുക. *15*

**Q4.** (a) ഒരു ആന നമ്മുടെ പാരമ്പര്യത്തിലെ കലാനുഭവങ്ങളുടേയും മഹത്വാകാംക്ഷയുടേയും സദ്ഗുണങ്ങളുടേയും സഞ്ചിതരൂപമായിത്തീരുന്നു – യഥാർഥ കലാകാരനായിത്തിരുന്നു. മേഘരൂപനെ ഇങ്ങനെ വ്യാഖ്യാനിക്കാമോ ? *20*

(b) മദ്ധ്യവർഗ്ഗ ദുരന്തമാണ് കുടിയൊഴിക്കലിലെ നിരീക്ഷണത്തിന്റെ മർമ്മം. ചർച്ച ചെയ്യുക. *15*

(c) ബോധമനസ്സും അബോധചേതനയും തമ്മിലുള്ള വടംവലിയാണ് പെരുന്തച്ചനിൻ അത്യന്തം സൂക്ഷ്മമായ ശില്പഘടനയായി മാറുന്നത് എന്ന നിരീക്ഷണം അപഗ്രഥിക്കുക. *15*

## SECTION B

**Q5. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതു് വാക്കുകളിൽ കവിയരുത്.** *10×5=50*

(a) രണ്ടു തലമുറകളുടെ സംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷം ഇന്ദുലേഖയിൽ എങ്ങനെ ദൃശ്യമാകുന്നു ? *10*

(b) ഒരു സാധാരണ പ്രേമകഥയിൽ നിന്നു് ചെമ്മീനിലെ പ്രമേയത്തെ വ്യത്യസ്തമാക്കുന്ന ഘടകങ്ങളെ ചൂണ്ടിക്കാട്ടുക. *10*

(c) അംബയുടെ കഥയ്ക്ക് മാരാർ നൽകുന്ന പൊരുളെന്തു് ? *10*

(d) ചെറുകഥാശില്പമെന്നനിലയിൽ 'വാനപ്രസ്ഥ'ത്തിന്റെ പ്രത്യേകതകളെന്തെല്ലാം ? *10*

(e) "ലഹള പിടിച്ച ഹോമാചാരത്തിന്നിടയിൽക്കൂടെ ദ്വിജനെന്ന രണ്ടാം ജൻമത്തിലേക്കു് ഞാൻ പദമൂന്നി." ആ പരിണാമത്തെ ഭട്ടതിരിപ്പാട് എങ്ങനെ വരച്ചുകാട്ടുന്നു ? *10*

**Q6.** (a) രൂപത്തിലും ഭാവത്തിലും പരമ്പരാഗതവും പരിചിതവുമായ നാടകശൈലികളെ പൂർണ്ണമായി നിഷേധിച്ചു എന്നതാണു് '1128 ൽ ക്രൈം 27' എന്ന നാടകത്തിന്റെ പ്രസക്തി. നിരൂപിക്കുക. *20*

(b) ഖസാക്കിലെ നാട്ടുഭാഷാ വഴക്കത്തെ സോദാഹരണം പരിചയപ്പെടുത്തുക. *15*

(c) "എല്ലാം അമ്മ നിശ്ചയിച്ചതാണു്. നേരത്തേ നിശ്ചയിച്ചതാണു്." വാനപ്രസ്ഥം എന്ന കഥ അവസാനിപ്പിക്കുന്ന ഈ വാക്യങ്ങളിൽ കഥയുടെ ആത്മാവിനെത്തന്നെയാണു് കാഥികൻ വെളിവാക്കുന്നതു് എന്നുപറയാമോ ? *15*

**Q7.** (a) കഥാപാത്രമനസ്സുകളുടെ ചടുലമായ സഞ്ചാരങ്ങളെ മിന്നൽ വേഗത്തിൽ ഗോൾ കൊയ്യുന്ന ഹിഗ്വിറ്റയുമായി സമന്വയിപ്പിക്കുന്ന തന്ത്രം എൻ.എസ്. മാധവൻ എങ്ങനെ സമർഥമായി വിന്യസിപ്പിച്ചിട്ടുണ്ട് ? *20*

(b) ഗ്രന്ഥനിരൂപണം എന്ന നിലയിൽ മാത്രം കാണാവുന്ന ഒന്നാണോ ഭാരതപര്യടനം. ചർച്ച ചെയ്യുക. *15*

(c) ജീർണ്ണമായ ജൻമിത്വ വ്യവസ്ഥിതിയുടെ പ്രാതിനിധ്യം വഹിക്കുന്ന പഞ്ചുമേനോന്റെ സ്വഭാവം പരിണമിക്കുന്നതിനിടയാക്കിയ കാരണങ്ങൾ ചൂണ്ടിക്കാട്ടുക. *15*

**Q8.** (a) ചങ്ങമ്പുഴക്കവിതകളുടെ അന്തർധാരകൾ വ്യക്തമാക്കുന്നതിൽ എം.കെ. സാനു എത്രത്തോളം വിജയിച്ചിട്ടുണ്ടെന്നു പരിശോധിക്കുക. *20*

(b) ജീവിതമരണങ്ങളുടെ അർഥമാണു് '1128 ൽ ക്രൈം 27' എന്ന നാടകത്തിൽ അന്വേഷിക്കുന്നതു് എന്ന നിരീക്ഷണം പ്രമേയസന്ധികളിലൂടെ പരിശോധിക്കുക. *15*

(c) കഥാപാത്രങ്ങളുടെ അന്തർഗ്ഗത സഞ്ചാരപഥങ്ങളെ കടലിന്റെ ശാന്തവും രൗദ്രഭരിതവുമായ ഭാവങ്ങളുമായി സമന്വയിപ്പിക്കുന്ന ടെക്നിക്കാണു് ചെമ്മീൻ എന്ന രചനയുടെ ശക്തി. വിലയിരുത്തുക. *15*

CS (Main) Exam, 2020

**URC-B-MLY**

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## (സാഹിത്യം) / ( LITERATURE )

സമയം : **മൂന്ന്** മണിക്കൂർ
*Time Allowed : **Three Hours***

പരമാവധി മാർക്ക് : **250**
*Maximum Marks : **250***

---

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക:**

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും / വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളു. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM (Malayalam script)**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

## SECTION A

**Q1. സന്ദർഭം, ആശയം, സാരസ്യം എന്നിവ വ്യക്തമാക്കുക. ഒരോ ഉത്തരവും നൂറ്റിയമ്പതു് വാക്കുകളിൽ കവിയരുതു്.** *10×5=50*

(a) “സുപരീക്ഷിതമായ രാഗവും
കൃപയും കൂടിമറന്നു കേവലം
കൃപണോക്തികൾ കേട്ടു ബുദ്ധികെ -
ട്ടപകൃത്യത്തിനു ചാടുമേ ചിലർ” *10*

(b) “അതിനാലന്നു തുടങ്ങിമഹാമുനി
യവിടെപ്പുക്കാൻ ഭാര്യയുമായേ;
മതിമാനാകിയ മുനിവനെയിവിടെ
വരുത്തുവതിന്നിനിയെല്ലുതു നമുക്കും”. *10*

(c) “കാളംപോലേ കുസുമധനുഷോ ഹന്ത പൂങ്കോഴികൂകീ
ചോളംപോലേചെതറിവിളറീതാരകാണാം നികായം
താളം പോലേ ചുലരിവനിതയ്ക്കാഗതൗ ചന്ദ്രസൂര്യൗ
നാളം പോലേനളിന കുഹരാദുദ്ഗതാ ഭൃംഗരാജിഃ” *10*

(d) “ചരതമൊടു പൊരുവതിനു വരികവരികാശുനീ
ചാകാത്ത നാളല്ല ഞാനും പിറന്നിതു” *10*

(e) “എങ്കിൽ, ഞാൻ മുഴക്കോലുമുളിയും പണിക്കൂറിൽ -
പ്പങ്കിടാറുള്ളാഹ്ളാദമിപ്പൊഴും നുണഞ്ഞേനേ” *10*

**Q2.** (a) ഭാഷാപരമായ പ്രത്യേകതകൾ കൊണ്ടുമാത്രമല്ല, സാഹിത്യഗുണം കൊണ്ടും രാമചരിതം പ്രാചീനകാവ്യങ്ങളിൽ പ്രഥമഗണനീയംതന്നെ - ചർച്ചചെയ്യുക. *20*

(b) മനസ്സിന്റെ നിഗൂഢ വ്യാപാരങ്ങളും സംഘർഷാത്മകതയും വ്യക്തിയുടെ അഹംബുദ്ധിയിൽ നിന്നുണ്ടാകുന്ന ആത്മീയ വ്യഥയും 'പെരുന്തച്ചനി'ൽ എങ്ങനെ വിളക്കിച്ചേർത്തിരിക്കുന്നു ? *15*

(c) 'കൂടിയൊഴിക്കൽ' എന്ന കവിതയുടെ പ്രമേയത്തിനു് സർവ്വകാലപ്രസക്തിയും സമകാലപ്രസക്തിയുമുണ്ട് - സമർത്ഥിക്കുക. *15*

**Q3.** (a) മകുടിയൂതുന്ന കുറവയുവാവ്, ആ ഗാനധാരയിൽ ആകൃഷ്ടയായി അരികിലെത്തുന്ന യുവതി, അവരുടെ വേർപാടും മകുടിയുടെ ദഹനവും - ഈ ബിംബങ്ങൾ കാല്പനികതയുടെ നിരർഥകതയെ എങ്ങനെ സമർഥമായി സൂചിപ്പിക്കുന്നു. *20*

(b) സ്ഥാപിതമായതിനെയെല്ലാം തിരസ്കരിച്ച് അവനവന്റെ മനഃസാക്ഷിക്കനുസരണമായ പാതകണ്ടെത്തുക എന്നതാണു് കുരുക്ഷേത്രം നൽകുന്ന ദർശനത്തിന്റെ സാരം - സമർഥിക്കുക. *15*

(c) ഭൂമിയുടെ ചരമം എന്ന സങ്കല്പത്തിലേക്കു് കവിയെ എത്തിച്ച സംഘർഷങ്ങളും വ്യഥകളും നമ്മുടെ കാലത്തിന്റെ തന്നെ രോദനമായിത്തീർന്നിട്ടുണ്ട് - നിരൂപണംചെയ്യുക. *15*

**Q4.** (a) എഴുത്തച്ഛന്റെ യുദ്ധവർണ്ണന ഒരു നേർക്കാഴ്ചയുടെ അനുഭവം നൽകുന്നു - സോദാഹരണം സ്ഥാപിക്കുക. *20*

(b) വർണ്ണനകളുടെ നൈസർഗ്ഗികതയും അവയുടെ അലങ്കാര സൗഭഗവും ധാരാളിത്തവും എങ്ങനെ 'ഉണ്ണുനീലിസന്ദേശ'ത്തിന്റെ ആത്മാവായിമാറുന്നു എന്നു് പാഠഭാഗനിരൂപണത്തിലൂടെ - ചൂണ്ടിക്കാട്ടുക. *15*

(c) 'പണ്ടത്തെ മേശാന്തി' ആഢ്യത്വത്തിന്റെയും നമ്പൂരിത്തത്തിന്റെയു അനുകമ്പാർഹമായ പതനം വെളിപ്പെടുത്തുന്നത് ഏതൊക്കെ വിധത്തിൽ ? വിവരിക്കുക. *15*

## SECTION B

**Q5. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതു് വാക്കുകളിൽ കവിയരുത്.** *10×5=50*

(a) '1128 ൽ ക്രൈം 27' എന്നനാടകത്തിലെ ഗുരു - ശിഷ്യ സംവാദത്തിന്റെ ബൗദ്ധിക തലങ്ങൾ ചൂണ്ടിക്കാട്ടുക. *10*

(b) ആംഗല വിദ്യാഭ്യാസം നൽകിയ സ്വാതന്ത്ര്യ ബോധത്തിന്റെ നികവാണു് ഇന്ദുലേഖയുടെയും മാധവന്റെയും വ്യക്തിത്വങ്ങളെ രൂപപ്പെടുത്തിയത് എന്നു പറയാമോ ? നിരൂപിക്കുക. *10*

(c) ഭാഷയുടെ ദേശത്തനിമയും പ്രണയത്തിന്റെ ദുരന്തഭാവസ്ഥലികളുമാണു് ചെമ്മീൻ എന്ന നോവലിനെ കാലാ നിവർത്തിയാക്കുന്നത് എന്ന നിരീക്ഷണം നിരൂപണ ബുദ്ധ്യാ പരിശോധിക്കുക. *10*

(d) ഖസാക്കിലെ രവിയെ പിൻതുടരുന്ന പാപബോധത്തിന്റെ വ്യഥകളെ പ്രമേയ സന്ദർഭങ്ങളിലൂടെ പരിചയപ്പെടുത്തുക. *10*

(e) കഥയെ കവിതയോളമെത്തിക്കുന്ന ഭാവാത്മകതയുടെ ടെക്നിക്കിൽ വാനപ്രസ്ഥം എപ്രകാരം പൂർണ്ണതയിലെത്തുന്നുവെന്നു് പരിശോധിക്കുക. *10*

**Q6.** (a) ചങ്ങമ്പുഴ എന്ന റൊമാന്റിക് കവിയെപുതുതായി കണ്ടെത്താനും, കവിയുടെയും കവിതകളുടെയും സൂക്ഷ്മഭാവ ഗ്രന്ഥികളെ തൊട്ടുകാണിക്കാനും എം.കെ. സാനുവിനു് കഴിഞ്ഞിട്ടുണ്ട് എന്നു് ഗ്രന്ഥത്തിലെ സന്ദർഭങ്ങളെ മുൻനിർത്തി പരിശോധിക്കുക. *20*

(b) കണ്ണീരുകൊണ്ടു തളരാതെയും, കിനാവുകൊണ്ട് മയങ്ങിപ്പോകാതെയും ജിവിതത്തെ അഭിമുഖീകരിച്ച വി.ടി. ഭട്ടതിരിപ്പാടിനെ ആത്മകഥാ സന്ദർഭങ്ങളിലൂടെ പരിചയപ്പെടുത്തുക. *15*

(c) മരണം - അവനവന്റെ മരണം - ഒരു തമാശയാണെന്ന എക്സിസ്റ്റ്യൻഷ്യലിസ്റ്റ് ആശയം ചിത്രീകരിക്കുകയാണ് ക്രൈം നാടകത്തിൽ സി.ജെ. ചെയ്യുന്നതെന്നു പറയാമോ ? വിശദമാക്കുക. *15*

**Q7.** (a) മലയാള നോവൽസാഹിത്യത്തിന്റെ ദിശാസൂചിയായി മാറാൻ ഒ. ചന്ദുമേനോന്റെ ഇന്ദുലേഖയക്ക് സാധിച്ചതെങ്ങനെയെന്ന് വിമർശാത്മകമായി വിലയിരുത്തുക. *20*

(b) "അങ്ങനെ ഈ ഘോഷയാത്ര പ്രാകൃതത്വത്തിന്റെ പശ്ചാത്തലത്തിൽ ധർമ്മബോധത്തെ തെളിച്ചെഴുതിയ ഒരു വിശിഷ്ട സന്ദർഭമാണെന്നു വരുന്നു" – മാരാരുടെ ആശയങ്ങളിലൂടെ ആ ഘോഷയാത്രയെ പുനരാവിഷ്കരിക്കുക. *15*

(c) കലാകൗശലത്തിന്റെ സമഗ്രമായ വിജയമാണു് ഹിഗ്വിറ്റ എന്ന കഥയെ ശ്രദ്ധേയമാക്കുന്നതു് - സമർഥിക്കുക. *15*

**Q8.** (a) വ്യാസഭാരതത്തിലെ കഥാപാത്രങ്ങളെയും സന്ദർഭവിശേഷങ്ങളെയും സന്ദേശങ്ങളെയും ഭാരതപര്യടനത്തിൽ സ്വതന്ത്രസുന്ദരമായി മാരാർ എങ്ങനെ വിമർശിക്കുന്നു എന്നു വ്യക്തമാക്കുക. *20*

(b) കഥയുടെ രചനാതന്ത്രത്തിന്റെ കാര്യത്തിൽ വാനപ്രസ്ഥവും ഹിഗ്വിറ്റയും തമ്മിലുള്ള അന്തരം ചൂണ്ടിക്കാട്ടുക. *15*

(c) മനുഷ്യന്റെ അസ്തിത്വത്തെ സംബന്ധിച്ച ദാർശനികവ്യഥകളാണു് ഖസാക്കിനെ ഒരു ഇതിഹാസമാക്കിമാറ്റുന്നതു് - ചർച്ചചെയ്യുക. *15*

CS (Main) Exam,2021

HXS-B-MLY

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## (സാഹിത്യം) / ( LITERATURE )

| | |
|---|---|
| സമയം : **മൂന്ന്** മണിക്കൂർ<br>*Time Allowed : **Three** Hours* | പരമാവധി മാർക്ക് : **250**<br>*Maximum Marks : **250*** |

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും / വിഭാഗത്തിനും ഉള്ള മാർക്കുകൾ അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളം ലിപിയിൽ)** ത്തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളു. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ട് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM (Malayalam script)**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

## SECTION A

**Q1.** **സന്ദർഭം, ആശയം, സാരസ്യം എന്നിവ വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതു് വാക്കുകളിൽ കവിയരുതു്.** *10×5=50*

(a) ചെകങ്കളേഴും ഉലയിക്കുമന്നിചാചരവരൻ
ചിരങ്ങൾ പത്തുമങ്ങറുത്തമനുവീരചരിതം
പുകലുമെന്നെയിന്നു നോക്കിയരുൾ വാക്കുടയ വേൽ –
പൊരുതു ചേലിടഞ്ഞിഴുന്റിന കടക്കൺമുനയാൽ. *10*

(b) നീർത്താനിന്ദൂപലമിവ, തെളിഞ്ഞാമ്പൽപോലെ ചിരിച്ചാൻ,
ആർത്താൻവണ്ടിൻകുലമിവ, വളർന്നാൻ പയോരാശിപോലെ
പീത്വാരൂപാമൃതമിളകീനാനേഷ ചെമ്പോത്തുപോലെ,
കൂഴ്ത്താൻ കാമിമദനനിവ, പോന്നാഗതേ വീരചന്ദ്രേ. *10*

(c) മമ നിധനമതിനു വിധിവിഹിതമിതു നിർണ്ണയം
മാനിനിയാകിയോരംബാ നിയോഗത്താൽ. *10*

(d) ഉരപേറിയ കീഴ്നടപ്പിലായ്
മറയാം മാനവനാത്മവൈഭവം
ചിരബന്ധനമാർന്ന പക്ഷിതൻ –
ചിറകിൻശക്തി മറന്നുപോയിടാം. *10*

(e) കാണായതപ്പടി കണ്ണനീരെങ്കിലും
ഞാനുയിർക്കൊള്ളുന്നു വിശ്വാസശക്തിയാൽ. *10*

**Q2.** **(a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** ***20+15+15=50***

(a) എഴുത്തച്ഛനുപോലും മാതൃകയായിട്ടുള്ള കണ്ണശ്ശരാമായണം സാഹിത്യപരമായി രാമചരിതത്തേക്കാളും മേലേ ആണു്. എന്നിട്ടും കണ്ണശ്ശരാമായണത്തിനു് സാമാന്യജനങ്ങളുടെ ഇടയിൽ വേണ്ടത്രപ്രചാരം കിട്ടിയില്ല. ചർച്ച ചെയ്യുക. *20*

(b) “വാരിധിതന്നിൽ തിരമാലകളെന്നപോലെ

ഭാരതീപദാവലി തോന്നേണം കാലേകാലേ”

എന്ന എഴുത്തച്ഛന്റെ പ്രാർത്ഥനയുടെ ഫലസിദ്ധി ‘ഭീഷ്മപർവ്വം’ മുൻനിർത്തി പരിശോധിക്കുക. *15*

(c) ‘പുത് ’ എന്ന നരകത്തിൽ നിന്നും ത്രാണം ചെയ്യേണ്ടുന്നവനെ അനിയന്ത്രിതമായ അഹം ബോധത്താൽ സംഹരിച്ചുപോയ ഒരു പിതാവിന്റെ മനോവൃത്തികൾ അപഗ്രഥിക്കുന്ന രചനയാണു് ‘പെരുന്തച്ചൻ’. വിമർശിക്കുക. *15*

**Q3.** **(a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** ***20+15+15=50***

(a) ഭാരതീയസ്ത്രീത്വത്തിന്റെ വൈകാരികമായ അമർഷ പ്രകടനവും പുരുഷകേന്ദ്രിതമായ വ്യവസ്ഥാപിത ധർമ്മത്തെ സംബന്ധിച്ച വൈചാരികമായ നിരൂപണവും ‘ചിന്താവിഷ്ടയായ സീത’യിൽ ഏകീഭവിക്കുന്നു. സോദാഹരണം വിശദമാക്കുക. *20*

(b) ‘ഇനിയും മരിക്കാത്ത ഭൂമി’യിൽ ജീവിക്കുന്നവർക്കു് ഒരു നവപാരിസ്ഥിതികാവബോധം പ്രദാനം ചെയ്യാൻ ‘ഭൂമിക്കൊരുചരമഗീതം’ എന്ന കവിത പര്യാപ്തമാണോ എന്നു് പര്യാലോചിക്കുക. *15*

(c) കവിതയുടെ സ്ഥാപിതരൂപ-ഭാവസങ്കല്പങ്ങളെ മാറ്റിമറിച്ചു് ശ്ലഥബിംബങ്ങളേയും ആക്ഷേപഹാസ്യകല്പനകളേയും നൂതനപദഘടനാരീതികളേയും കാവ്യവിഭവങ്ങളാക്കാൻ ‘കുരുക്ഷേത്ര’ത്തിൽ കവി കാണിക്കുന്ന സർഗ്ഗാത്മക വൈദഗ്ധ്യം വിശകലനം ചെയ്യുക. *15*

**Q4. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** ***20+15+15=50***

(a) 'തീവണ്ടി', 'പാട്ടു്' എന്നീ ശീർഷകഭാഗങ്ങൾ പ്രതിനിധാനം ചെയ്യുന്ന കവിമനസ്സിലെ ദ്വിമുഖഭാവങ്ങൾ 'തീവണ്ടിയിലെ പാട്ടു്' എന്ന കവിതയിൽ 'കൂടികലരുന്നതു്' അപഗ്രഥനാത്മകമായി പരിശോധിക്കുക. *20*

(b) പദങ്ങളുടേയും ഇമേജറികളുടേയും ദ്വയാർത്ഥ സങ്കല്പനങ്ങളും പാരിസ്ഥിതികവിഭവങ്ങളും കെട്ടുപിണഞ്ഞുകിടക്കുന്ന 'മേഘരൂപൻ' എന്ന കവിത ശയ്യാഗുണമുള്ള ഒരു സർഗ്ഗാത്മക സൃഷ്ടിയാണെന്നു കരുതുക വയ്യ. ഈ അഭിപ്രായത്തിന്റെ സാധുത നിരീക്ഷിക്കുക. *15*

(c) "ഇടത്തരക്കാരെ സംബന്ധിച്ചിടത്തോളം വിപ്ലവത്തോടുള്ള അവരുടെ മനോഭാവത്തിൽ ഒരു സമൂലപരിവർത്തനം വരുത്താൻ 'കുടിയൊഴിക്ക'ലിനു് കഴിയുമെന്നു ഞാൻ കരുതുന്നു." എൻ.വി. കൃഷ്ണവാരിയരുടെ ഈ അഭിപ്രായത്തെ വിമർശനാത്മകമായി വിലയിരുത്തുക. *15*

## SECTION B

**Q5. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത്.** *10×5=50*

(a) വിധിയുടേയും യാദൃച്ഛികസംഭവങ്ങളുടേയും ഒഴുക്കിൽപ്പെട്ടു് അലയുന്ന 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവലിലെ മുഖ്യകഥാപാത്രത്തിന്റെ മാനസിക-ദാർശനികഭാവങ്ങൾക്കു് വേണ്ടത്ര ഉൾക്കരുത്തുള്ളതായി തോന്നുന്നില്ല. വിമർശിക്കുക. *10*

(b) "ഒമ്പതുവയസ്സുമുതൽ കടപ്പുറവുമായുള്ള അടുപ്പം" ഉള്ള തകഴി "ചൂടില്ലാത്ത ഭാര്യാഭർത്തൃബന്ധം ലോകത്തിലില്ലേ" എന്നു് 'ചെമ്മീൻ' എന്ന നോവലിൽ അർത്ഥഗർഭമായി ചോദിച്ചതു് കടപ്പുറത്തെ പളനി-കറുത്തമ്മമാരുടെ ജീവിതത്തെമാത്രം മുന്നിൽകണ്ടുകൊണ്ടാവുമോ ? പര്യാലോചിക്കുക. *10*

(c) യുധിഷ്ഠിരനു് ആകാശഗംഗാസ്നാനം കൊണ്ടുകൈവന്ന ദിവ്യഭാവം ദേവന്മാർ കനിഞ്ഞുനല്കിയ ഒരു സമ്മാനമല്ല, അദ്ദേഹത്തിന്റെ സ്നേഹപ്രവണതയുടെ സ്വാഭാവിക പരിണാമം മാത്രമാണു് എന്നു് ആർക്കും മനസ്സിലാക്കാം. 'ഭാരതപര്യടന'ത്തിലെ ഈ നിരീക്ഷണം യുക്തിയധിഷ്ഠിതമോ ? പരിശോധിക്കുക. *10*

(d) ആത്മകഥയ്ക്കു് 'കണ്ണീരും കിനാവും' എന്നു് വി.ടി. പേരുകൊടുത്തതിന്റെ ഔചിത്യം അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുക. *10*

(e) "മനസ്സിനെ സ്വാധീനമാക്കി വയ്ക്കണം. അതാണ് ഒരു പുരുഷന്റെ യോഗ്യത," "നിങ്ങൾ പുരുഷന്മാർ തന്റേടമുള്ളവരാണെങ്കിൽ സ്വജാതി സ്ത്രീകൾക്കു് ഈ വിധം അപമാനം ഉണ്ടാകുവാൻ എടവരുത്തുമോ ?" ഇന്ദുലേഖയുടെ ഇത്തരം 'പുരുഷനിരൂപണം' 'സ്വജാതി' പുരുഷന്മാരുടെ നേർക്കു് ചന്തുമേനോൻ എയ്ത ഒളിയമ്പുകളാണു്. സമർത്ഥിക്കുക. *10*

**Q6.** **(a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) ഐതിഹ്യങ്ങളും മാഹാത്മ്യകഥകളും മറ്റും ഉണ്ടാകുന്നതിനു് ഒന്നാംതരം ഉദാഹരണമാണു് എം.ടി. യുടെ 'സുകൃതം' എന്ന കഥ. ഉപപാദിക്കുക. *20*

(b) ധ്വന്യാത്മകമായ മിതവചസ്കതയാണു് എൻ.എസ്. മാധവന്റെ 'കാണി' എന്ന കഥയുടെ ആഖ്യാന സവിശേഷത. ശരിയോ ? സ്വമതം സ്ഥാപിക്കുക. *15*

(c) സാമൂഹിക വിപ്ലവകാരി എന്ന നിലയ്ക്കപ്പുറത്തുള്ള വി.ടി. എന്ന 'പച്ചമനുഷ്യ'നെ അടുത്തറിയാൻ 'കണ്ണീരും കിനാവും' എന്ന കൃതി സഹായകമാണോ എന്നു് പരിശോധിക്കുക. *15*

**Q7.** **(a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) ഒരു കൊലപാതകത്തിന്റെ കഥപറയാൻ കോറസ്, പ്രതീകങ്ങൾ തുടങ്ങിയ നവീനസങ്കേതങ്ങളെ '1128-ൽ ക്രൈം 27' എന്ന നാടകത്തിൽ സി.ജെ. തോമസ് എങ്ങനെ പ്രയോഗിച്ചു ഫലിപ്പിച്ചിരിക്കുന്നു എന്നു് വിശദമാക്കുക. *20*

(b) മരയ്ക്കാന്മാരുടെ വിശ്വാസവും അത്യാഗ്രഹവും നെറികേടും അവകൊണ്ടുണ്ടാകുന്ന ദുരന്തങ്ങളും ആവിഷ്കരിക്കുന്നതിനപ്പുറം ബാഹ്യ ഇടപെടലുകൾ കുറവായ ആ സമൂഹത്തിൽ സാംസ്കാരികപരിഷ്കരണം നടപ്പിൽ വരുത്തുവാനുള്ള ശ്രമം 'ചെമ്മീൻ' എന്ന നോവലിൽ കാണുന്നില്ല. വിമർശിക്കുക. *15*

(c) കർണ്ണനു് അർജ്ജുനനോടുള്ള ഈറയേക്കാളും വലുതു് ദുര്യോധനനോടുള്ള കൂറാണു് എന്നു് 'ഭാരതപര്യടന'ത്തിൽ മാരാർ സമർത്ഥിക്കുന്നതെങ്ങനെ ? പരിശോധിക്കുക. *15*

**Q8. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** ***20+15+15=50***

(a) 'മുന്തിരിച്ചാറുപോലുള്ളോരു ജീവിതം' ചങ്ങമ്പുഴയുടെ സർഗ്ഗാത്മകതയെ ഉദ്ദീപിപ്പിച്ചിട്ടുണ്ട്. 'ചങ്ങമ്പുഴ കൃഷ്ണപിള്ള – നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന കൃതി ആസ്പദമാക്കി ചർച്ച ചെയ്യുക. *20*

(b) "ഈ നമ്പുതിരിമാരെല്ലാം ഒരു പ്രത്യേകജാതി മനുഷ്യരാണു മകളെ ! കുറെയെല്ലാം നാമറിഞ്ഞു പെരുമാറണം" എന്ന അമ്മയുടെ ഇന്ദുലേഖയോടുള്ള ഉപദേശം സൂരിനമ്പുതിരിപ്പാടു് സ്വവർഗ്ഗത്തിന്റെ പ്രതിനിധിയാണെന്നു സാക്ഷ്യപ്പെടുത്തുന്നുവോ ? പര്യാലോചിക്കുക. *15*

(c) 'പെരുമഴയുടെ പിറ്റേന്നു്' എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്ന തേഞ്ഞുമാഞ്ഞുപോകുന്ന മാനുഷീക ബന്ധങ്ങളും അവയുടെ അവശേഷിപ്പുകളും പിതൃമനസ്സുകളിൽ ഉളവാക്കുന്ന ആനന്ദം സമകാലീന സാമൂഹികജീവിതം പശ്ചാത്തലമാക്കി വിശകലനം ചെയ്യുക. *15*

CIVIL SERVICES (MAIN) EXAM-2022

CRNA-S-MLY

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## (സാഹിത്യം) / (LITERATURE)

| | |
|---|---|
| സമയം : **മൂന്നു** മണിക്കൂർ | പരമാവധി മാർക്ക് : **250** |
| *Time Allowed : **Three** Hours* | *Maximum Marks : **250*** |

---

### ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ടു**ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടുഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ചു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽനിന്നും കുറഞ്ഞത് **ഒരു**ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കുകൾ അതതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM (Malayalam script)**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

## SECTION A

**Q1. സന്ദർഭം, ആശയം, സാരസ്യം എന്നിവ വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയൻപതുവാക്കുകളിൽ കവിയരുത്.** *10×5=50*

(a) 'എന്റെല്ലാം കേട്ടവനൊരു നുറുങ്ങാശ്വസിക്കിന്റ നേരം
കുന്റിച്ചെങ്ങും കുയിൽ നിനദവും കൂവുമക്കാവുതോറും;
ഒന്റിച്ചുച്ചൈരയുഗശരനോടാർത്തു വണ്ടിൻ നിനാദൈ-
രെന്റല്ലപ്പോഴൊരു പടുകുലൈക്കാരി വന്നാൻ വസന്തൻ.' *10*

(b) 'വന്നതറിഞ്ഞ് ഉരചെയ്യാൻ പണ്ട് അതി-
ബാലകനായ കുമാരമഹാമുനി;
നന്നതു ചെയ്ക നമുക്കതിനൊരു വഴി
നരപതിയേ ! ഇതുകേട്ടരുൾ' എന്നാൻ.' *10*

(c) 'അനുചിതമിതറിക നൃപകുലമതിനു നല്ലത-
ല്ലയ്യോ നിനക്കു ദുഷ്കീർത്തിയുണ്ടായ്‌വരും.' *10*

(d) 'അതു സത്യപരായണത്വമാ-
മിതു ധർമ്മവ്യസനിത്വമെന്നുമാം
പൊതുവിൽ ഗുണമാക്കിടാം ജനം
ചതുരന്മാരുടെ ചാപലങ്ങളും.' *10*

(e) 'ഉപ്പിനും ചോറിനും വേണ്ടിയിട്ടന്യന്റെ
ചൊൽപ്പടിക്കെന്നെബ്ബലികൊടുക്കുന്നു ഞാൻ !' *10*

**Q2.** (a) 'രാമചരിത'ത്തിലെ ഭാഷയെപ്പറ്റിയുള്ള പണ്ഡിതന്മാരുടെ വ്യത്യസ്താഭിപ്രായങ്ങൾ പരിശോധിക്കുക. *20*

(b) പ്രതിഭയും പാണ്ഡിത്യവും തികച്ചും വളർന്നുകഴിഞ്ഞ പരിണത പ്രഭാവനായ കവിയെയാണ് നാം എഴുത്തച്ഛന്റെ 'മഹാഭാരത'ത്തിൽ കാണുന്നത്. 'ഭീഷ്മപർവ്വ'ത്തെ ആസ്പദമാക്കി ഈ ആശയം പരിശോധിക്കുക. *15*

(c) അധൃഷ്യമായ കാവ്യചോദനയും സർഗ്ഗാത്മകതയും കൂടിക്കലർന്ന കവിത്വത്തിന്റെ പ്രതീകാത്മകമായ ആവിഷ്കരണമാണ് മേഘരൂപൻ'. ചർച്ച ചെയ്യുക. *15*

**Q3.** (a) വെറുപ്പും മടുപ്പും ആധുനിക നാഗരികത സൃഷ്ടിച്ച മൂല്യസംഘർഷങ്ങളും 'കുരുക്ഷേത്രം' എങ്ങനെ പ്രതിഫലിപ്പിക്കുന്നു എന്ന് വിമർശാത്മകമായി പരിശോധിക്കുക. *20*

(b) 'അടിക്കുന്നുണ്ടെന്നാലുമെൻ നെഞ്ചിലാരോ കൊട്ടു-
വടികൊണ്ടിപ്പോളേതോ കൂരാണിയിളക്കുവാൻ'
പെരുംതച്ചന്റെ മനോവ്യാപാരങ്ങളുടെ സംഗ്രഹം ഈ വരികളിലൂടെ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ? *15*

(c) സാർവ്വലൗകികതയും സമകാലപ്രസക്തിയും ഏറെയുള്ള കവിതയാണ് 'ഭൂമിക്കൊരു ചരമഗീതം'. നിരൂപിക്കുക. *15*

**Q4.** (a) "മർദ്ദകനിണസ്വാദിനെയോർക്കും
കത്തിയാലാത്മഹത്യചെയ്യാതെ
പോകഞങ്ങൾ കിനാവുകണ്ടോരാ
സ്നേഹമാർഗ്ഗം വഴിയിനി നിങ്ങൾ"
ഈ ആശയത്തിന്റെ സാക്ഷാത്കാരമാണോ 'കുടിയൊഴിക്കൽ' ? പരിശോധിക്കുക. *20*

(b) "സ്ഫുടമിങ്ങനെ ഹന്ത ! ബുദ്ധിയിൽ
പടരും ചിന്തകളാൽ തുടിച്ചിതേ
പുടവയ്ക്കു പിടിച്ച തീ ചുഴ-
ന്നുടൽ കത്തുന്നൊരു ബാലപോലവൾ"
സീതയുടെ ബുദ്ധിയിൽ പടർന്ന ചിന്തകളെ 'ചിന്താവിഷ്ടയായ സീത'യിൽ അനാവരണം ചെയ്യുന്നതെങ്ങനെ ? *15*

(c) ജീവിതത്തിന്റെ കയ്പും ചവർപ്പും മാധുര്യവും 'തീവണ്ടിയിലെ പാട്ടി'ൽ പ്രതിഫലിക്കുന്നതെങ്ങനെ ? വിശകലനം ചെയ്യുക. *15*

## SECTION B

**Q5. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയൻപതുവാക്കുകളിൽ കവിയരുതു്.** *10×5=50*

(a) "കാവ്യരചനയെസംബന്ധിക്കുന്ന കാല്പനികാദർശം അതിന്റെ ശരിയായ രൂപത്തിൽ മലയാളത്തിലവതരിപ്പിച്ചത് ചങ്ങമ്പുഴയാണ്." 'ചങ്ങമ്പുഴ കൃഷ്ണപിള്ള : നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന കൃതിയിൽ ഈ ആശയം സമർത്ഥിക്കുന്നതെങ്ങനെ ? *10*

(b) ആദ്യത്തെ മുക്കുവൻ കൊടുങ്കാറ്റിലകപ്പെട്ടിട്ടും തിരിച്ചുവന്നില്ലേ ? പണ്ടുപണ്ട് അയാളുടെ മുക്കുവത്തിയുടെ തപശ്ചര്യകൊണ്ട് ! ഈ മിത്തിന്റെ കലാപരമായ ആവിഷ്കരണം 'ചെമ്മീനി'ൽ സാക്ഷാത്കരിച്ചിരിക്കുന്നതെങ്ങനെ ? *10*

(c) "ഒരാൾ കർത്തവ്യസന്ദേഹത്തിൽ തനിക്കുതാൻ പോരുമയോടെ തിരഞ്ഞെടുക്കുന്നതേതും ധർമ്മവും, മറിച്ചുള്ളതേതും അധർമ്മവുമെന്നായി." 'നേശേ ബലസ്യേതി ചരേദധർമ്മം' എന്ന ലേഖനത്തിൽ മാരാർ ഈ ആശയം സമർത്ഥിക്കുന്നതെങ്ങനെ ? *10*

(d) "മലയാളത്തിലെ നിസ്തുലമായ ആത്മകഥ. ഇത്രമാത്രം ഉള്ളിൽത്തട്ടുന്ന ഒരു ആത്മകഥാപുസ്തകം മലയാളത്തിൽ ഏറെ ഉണ്ടായിട്ടില്ല." 'കണ്ണീരും കിനാവും' എന്ന ആത്മകഥയെ ആസ്പദമാക്കി ഈ അഭിപ്രായം പരിശോധിക്കുക. *10*

(e) പ്രമേയം, ഇതിവൃത്തം, ഭാഷ എന്നിവയിലെ നൂതനത്വം 'ഖസാക്കിന്റെ ഇതിഹാസ'ത്തെ വ്യതിരിക്തമായ നോവലാക്കി മാറ്റി. ചർച്ച ചെയ്യുക. *10*

**Q6.** (a) മരണത്തെപ്പറ്റിയുള്ള വിചിത്രമായ ഒരു വേദാന്തമാണ് '1128-ൽ ക്രൈം 27' എന്ന നാടകം അവതരിപ്പിക്കുന്നത്. വിചിന്തനം ചെയ്യുക. *20*

(b) 'ശാപം പറ്റിയ ഗന്ധർവ്വനോ ?' എന്ന് ചങ്ങമ്പുഴയെപ്പറ്റി സന്ദേഹിക്കുവാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെ ? *15*

(c) 'നാലാം ലോകം' ചർച്ച ചെയ്യുന്ന രാഷ്ട്രീയപ്രമേയത്തെ കേരളീയപശ്ചാത്തലം കൂടുതൽ മിഴിവുറ്റതാക്കുന്നു. പരിശോധിക്കുക. *15*

**Q7.** (a) "ചന്തുമേനവൻ ഏതെങ്കിലും പക്ഷപാതം കാണിക്കുന്നുണ്ടെങ്കിൽ അതു പാശ്ചാത്യമോ പൗരസ്ത്യമോ അല്ലെന്നും യഥാർത്ഥപരിഷ്കാരത്തിൽ മാത്രമേ അദേഹത്തിനു പക്ഷപാതം ഉള്ളൂവെന്നും അനുമാനിക്കാവുന്നതാണ്." ഇന്ദുലേഖയെ ആസ്പദമാക്കി ഈ അഭിപ്രായം പരിശോധിക്കുക. *20*

(b) "എന്നാൽ വ്യാസൻ ലോകത്തിലെ അമ്മമാർക്കുള്ള സന്ദേശം നല്കിയിട്ടുള്ളത് കൃഷ്ണന്റെ പിതൃഷ്വസാവായ കുന്തിയിലൂടെയാണെന്നു തീർത്തുപറയാം." 'ധൃതരാഷ്ട്രപ്രവർജ്യ' എന്ന ലേഖനത്തിൽ ഈ ആശയത്തെ കുട്ടികൃഷ്ണമാരാർ സമർത്ഥിക്കുന്നതെങ്ങനെ ? *15*

(c) മിത്തുകളും ഐതിഹ്യങ്ങളും പ്രാദേശികചരിത്രങ്ങളും കൊണ്ടു സവിശേഷമായ ഒരനുഭവതലം നല്കുവാൻ 'ഖസാക്കിന്റെ ഇതിഹാസ'ത്തിനു കഴിയുന്നു. വിശകലനം ചെയ്യുക. *15*

**Q8.** (a) ജീവിതത്തിന്റെ അപരാഹ്നത്തിൽ നിന്നു് യൗവ്വനത്തിന്റെ തീക്ഷ്ണതയിലേക്കുള്ള ഒരു മടക്കയാത്രയുടെ ഗൃഹാതുരത്വം നിറഞ്ഞ അനുഭവം 'വാനപ്രസ്ഥം' എന്ന കഥയിൽ അനാവരണം ചെയ്യുന്നതെങ്ങനെ ? *20*

(b) സ്വയം ഹിഗ്വിറ്റയായി മാറിയ ഒരു വ്യക്തിത്വത്തിന്റെ ആന്തരിക പരിണാമം ആവിഷ്കരിക്കുന്നതിലെ മികവ് 'ഹിഗ്വിറ്റ'യെ ആകർഷകമായ ഒരു കഥയാക്കി മാറ്റി. വിശകലനം ചെയ്യുക. *15*

(c) "കറുത്തമ്മയുടെ മനസ്സ് അത്യധികം അസ്വസ്ഥമായിരുന്നു. എന്നാണ്, എങ്ങനെയാണ് അവൾക്ക് ഒരു സ്വാസ്ഥ്യം കിട്ടുന്നത്." കറുത്തമ്മയുടെ മനഃസംഘർഷത്തെ 'ചെമ്മീനി'ൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ? *15*

CIVIL SERVICES (MAIN) EXAM- 2023

SKYC-B-MLY

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## (സാഹിത്യം) / (LITERATURE)

സമയം : **മൂന്നു** മണിക്കൂർ
*Time Allowed : **Three** Hours*

പരമാവധി മാർക്ക് : **250**
*Maximum Marks : **250***

---

### ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ടു**ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടുഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ചു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽനിന്നും കുറഞ്ഞത് **ഒരു**ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കുകൾ അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM (Malayalam script)**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

## SECTION A

**Q1. സന്ദർഭം, ആശയം, സാരസ്യം എന്നിവ വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയൻപതുവാക്കുകളിൽ കവിയരുത്.** *10×5=50*

(a) തുണയെനക്കിതു മിക്കവരുമുക്കേനമറ -
ച്ചുരുങ്കിനോരകുതിയെന്ററിഞ്ഞു നല്ലവരെല്ലാം
പണിമിതർക്കിവനെനക്കരുതിനൊയ്യവർകളും
പകയരാവതിനറപ്പരെന്നൊടൊപ്പമുടയോർ. *10*

(b) അരുതരുതിതൊഴീക കരുതുകൊരു സത്യവുണ്ടാനന്ദമൂർത്തേ
മറന്നിതോ മാനമ്പേ. *10*

(c) അഥവാ ക്ഷമപോലെ നന്മചെ -
യ്യരുളാൻ നോററൊരു നല്ല ബന്ധുവും
വൃഥപോലറിവോതിടുന്ന സദ് -
ഗുരുവും മർത്യനുവേറെയില്ലതാൻ. *10*

(d) തത്ത്വശാസ്ത്രങ്ങൾ തേടുന്ന ബുദ്ധികൾ
ചുററുപാടും തളർന്നു കിടക്കവേ
ആരുവേവിച്ചു നല്കുമിപ്പുത്തൻ
വേദവാക്യം ? കടുകുവറുക്കണോ ? *10*

(e) എനിക്കുകൊതി നിൻവാലിൻ
രോമംകൊണ്ടൊരു മോതിരം. *10*

**Q2. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) പ്രതിപാദ്യവിഷയമല്ല, മനോഹരമായവർണ്ണനകളും ചരിത്രപരമായി അതിനുലഭിച്ചപ്രാധാന്യവുമാണ് ഉണ്ണുനീലി സന്ദേശത്തെ ശ്രദ്ധേയമാക്കിയത്. ചർച്ചചെയ്യുക. *20*

(b) ഇനിയും മരിക്കാത്ത ഭൂമിക്കുവേണ്ടി പുതിയൊരു പാരിസ്ഥിതികാവബോധം 'ഭൂമിക്കൊരു ചരമഗീതം' എന്ന കവിതയിൽ കവി ആവിഷ്കരിക്കുന്നുണ്ടു്. വിശദമാക്കുക. *15*

(c) 'പണ്ടത്തെ മേശ്ശാത്തി' യിൽ അടിമത്തത്തിന്റെ കണ്ണീർ ആമാശയത്തിലകപ്പെട്ട ഇരുമ്പു സൂചിയായി രൂപം കൊള്ളുന്നു. വിമർശന ബുദ്ധ്യാ വിലയിരുത്തുക. *15*

**Q3.** **(a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) കണ്ണശ്ശരാമായണത്തിലെ ഭാഷ പാട്ടുസാഹിത്യത്തിലെ ഇതര കൃതികളിൽനിന്നും എങ്ങനെ വ്യത്യസ്തമായിരിക്കുന്നു അതിന്റെ കാരണങ്ങൾ എന്ത് ? *20*

(b) വാത്സല്യവും അഹംബോധവും തമ്മിലുള്ള ഏറ്റുമുട്ടലാണ് 'പെരുന്തച്ചൻ' എന്ന കവിതയിലെ അടിസ്ഥാന പ്രമേയം ; പ്രതിപാദ്യമാവട്ടെ മനുഷ്യമനസ്സിലെ വൈകാരിക സംഘർഷവും. ചർച്ചചെയ്യുക. *15*

(c) ബാഹ്യയാഥാർത്ഥ്യമല്ല വിപ്ലവാത്മകമായ ആന്തരികയാഥാർത്ഥ്യമാണു് 'കുടിയൊഴിക്കൽ' എന്നകാവ്യത്തെ പ്രസക്തമാക്കുന്നതു്. വിമർശിക്കുക. *15*

**Q4.** **(a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) രാമായണകാവ്യത്തിലെ സീതാപരിത്യാഗവും ധർമ്മാധർമ്മങ്ങളെക്കുറിച്ചുള്ള ഗൗരവമായ ചർച്ചകളും തന്നെയാണ് ചിന്താവിഷ്ടയായ സീതയുടെ പൊരുൾ. വിശകലനം ചെയ്യുക. *20*

(b) പദങ്ങളുടെ മേൽ അധീശത്വം കൈവരിച്ച കവിയാണ് തുഞ്ചത്തെഴുത്തച്ഛൻ. 'ഭീഷ്മപർവ്വ' ത്തിലെ പദവിന്യാസചാതുരി വിശകലനം ചെയ്തു് സ്ഥാപിക്കുക. *15*

(c) റിയലിസ്റ്റിക് കവിയായ എൻവി. യുടെ തീവണ്ടിയിലെപാട്ട് എന്ന കവിതയിൽ കാല്പനികതയുടെ അംശങ്ങൾ കടന്നുവരുന്നുണ്ടോ എന്ന് അപഗ്രഥനാത്മകമായി പരിശോധിക്കുക. *15*

## SECTION B

**Q5. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയൻപതുവാക്കുകളിൽ കവിയരുതു്.** *10×5=50*

(a) 'ഇന്ദുലേഖ' യിലെ ഏററവും വിജയിച്ച കഥാപാത്രം ശീനുപ്പട്ടരും പരാജയപ്പെട്ടകഥാപാത്രം ചെറുശ്ശേരി നമ്പൂതിരിയുമാണ് എന്ന നിരീക്ഷണം യുക്തിസഹമോ ? വിലയിരുത്തുക. *10*

(b) അമ്മയായ ചക്കിയുടെ സംഭാഷണങ്ങളിൽ പ്രതിഫലിക്കുന്നതു് 'മൊലേം തലേം' വന്നകറുത്തമ്മയെക്കുറിച്ചുള്ള ആകുലതകളും ഉൽക്കണ്ഠയുമാണ്. പര്യാലോചിക്കുക. *10*

(c) "വ്യാസൻ സ്വർഗ്ഗനരക ങ്ങളിൽവെച്ചും മനുഷ്യകഥാനുഗായിതന്നെ." 'ഭാരതപര്യടന' ത്തിലെ ഈ നിരീക്ഷണത്തിന് അടിസ്ഥാനമായ വസ്തുതകൾ വിവരിക്കുക. *10*

(d) തീവ്രമായ അനുഭവങ്ങളിൽനിന്നുരുത്തിരിഞ്ഞ രൂക്ഷമായ ആക്ഷേപങ്ങൾ 'കണ്ണീരും കിനാവും' എന്ന ആത്മകഥയിൽ തെളിഞ്ഞുകാണാം. സോദാഹരണം വ്യക്തമാക്കുക. *10*

(e) 'പാടുന്ന പിശാച് ' എന്ന കാവ്യഞ്ഞ 'പ്രഥപനം' എന്നു് അതിന്റെ അവസാനഭാഗത്തു് ചങ്ങമ്പുഴതന്നെ വിശേഷിപ്പിച്ചതിനു് എം.കെ. സാനു ചൂണ്ടിക്കാണിച്ചകാരണങ്ങൾ യുക്തി സഹവോ ? പരിശോധിക്കുക. *10*

**Q6. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) ജീവിതത്തിന്റെ അർത്ഥശൂന്യത, നിഷ്ഫലത എന്നിവയെപ്പറ്റിയുള്ള അവബോധമാണ് ഖസാക്കിന്റെ ഇതിഹാസം അവശേഷിപ്പിക്കുന്നുത്. ചർച്ചയെയ്യുക. *20*

(b) മുതിർന്നവരുടെ ലോകത്തിലെ പതിവുവഴക്കങ്ങളെ ഇളംതെന്നലിന്റെ സ്വാതന്ത്ര്യ ത്തോടുകൂടിഗൂഢമായി വിചാരണ ചെയ്യുന്ന ജാനകിക്കുട്ടിയുടെ കഥയാണു് 'ചെറിയചെറിയ ഭൂകമ്പങ്ങൾ'. വിശദമാക്കുക. *15*

(c) സ്ത്രീയുടെ സ്വത്വത്തെക്കുറിച്ചും ശക്തിയെ ക്കുറിച്ചുമുള്ള എൻ.എസ്. മാധവന്റെ കാഴ്ചപ്പാടുകൾ 'കാണി' എന്ന കഥയിൽ പ്രതിഫലികുന്നതു് വിമർശാത്മകമായി വിലയിരുത്തുക. *15*

**Q7. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) സ്ത്രീകേന്ദ്രീതമായ ഒരു പഴയ തത്ത്വശാസ്ത്രത്തെ ബലപ്പെടുത്തുന്നതിനുവേണ്ടി കടലമ്മയ്ക്കു ബലികൊടുത്ത പളനിയാണ് 'ചെമ്മീ' നിലെ യഥാർത്ഥ അന്തകഥാപാത്രം. സ്ഥാപിക്കുക. *20*

(b) 'ഇന്ദുലേഖ' യുടെ സ്വീകാര്യതയ്ക്ക നിമിത്തം അതിൽ പ്രതിഫലിക്കുന്ന ആധുനിക വിദ്യാഭ്യാസവും തജ്ജന്യമായ സ്വാതന്ത്ര്യബോധവുമാണു്. ചർച്ചചെയ്യുക. *15*

(c) കാമവികാരത്തിന്റെ മദാന്ധമായ പ്രയാണം മൂലം താളംതെററിയ ജീവിത മായിരുന്നു ചങ്ങമ്പുഴയുടേതു്. 'ചങ്ങമ്പുഴ കൃഷ്ണപിള്ള - നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന കൃതി ആസ്പദമാക്കി ആ ജീവിതത്തിന്റെ സ്വഭാവം വിശകലനം ചെയ്യുക. *15*

**Q8. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) '1128-ൽ ക്രൈം നമ്പർ 27'എന്ന നാടകത്തിൽ സി.ജെ. തോമസ് കഥാപാത്രങ്ങളുടെ ധ്വന്യാത്മകമായ സംഭാഷണങ്ങളിലൂടെയും വിരുദ്ധോക്തികളി ലൂടെയും ജീവിത-മരണങ്ങളുടെ നിരർത്ഥകത വെളിച്ചത്തുകൊണ്ടുവരുന്നു. സോദാഹരണം വിലയിരുത്തുക. *20*

(b) പിതൃമനസ്സുകളുടെ ധാർമ്മികനിയമങ്ങൾ ലംഘിക്കുന്ന പിതാക്കന്മാരുടെ പ്രതീകമാണു് 'എന്റെ മകൾ ഒരു സ്ത്രീ' എന്ന കഥയിലെ അച്ഛൻ. ഈ കഥ സമകാലിനസാമൂഹികപശ്ചാത്തലത്തിൽ പരിശോധിക്കുക. *15*

(c) "ലോകത്തിൽ 'സുയോധനൻ, ദുര്യോധനൻ' എനുരണ്ടുപേരില്ല - യുദ്ധത്തിനു നല്ല (ധർമ്മ) യുദ്ധം എന്നൊരുവിഭാഗമില്ല," മാരാരുടെ ഈ നിഗമനത്തിനു അടിസ്ഥാനമായ യുക്തികൾ 'ഭീഷ്മരുടെ ധർമ്മനിശ്ചയം' എന്ന ലേഖനം മുൻനിർത്തിവിശകലനം ചെയ്യുക. *15*

Civil Services (Main) Examination, 2024

PHKM-B-MLY

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## (സാഹിത്യം) / (LITERATURE)

| | |
|---|---|
| സമയം : **മൂന്നു** മണിക്കൂർ | പരമാവധി മാർക്ക് : **250** |
| *Time Allowed : **Three** Hours* | *Maximum Marks : **250*** |

### ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ടു**ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടുഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ചു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽനിന്നും കുറഞ്ഞത് **ഒരു**ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കുകൾ അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

*The number of marks carried by a question/part is indicated against it.*

*Answers must be written in **MALAYALAM (Malayalam script)**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

**SECTION A**

**Q1. സന്ദർഭം, ആശയം, സാരസ്യം എന്നിവ വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയൻമ്പതുവാക്കുകളിൽ കവിയരുത്.** *10×5=50*

(a) “കോകശ്രേണീ വിരഹനിഹിതം തീനുറുങ്ങെന്റപോലേ
തൂകിത്തൂകിത്തുഹിനകണികാം തൂർന്ന പൂങ്കാവിലൂടെ
സ്തോകോന്മീലന്നളിന തെളിതേൻ കാള കൂടാംബുകോരി-
ത്തേകിത്തോകിപ്പവനനവനെച്ചെന്റുകൊന്റാൻ തദാനീം” *10*

(b) “അണൈന്തൊരു നീലമഹാമേഘം പോലലറി -
യതീവഭയം വരുമാറു
നിണം കലരും കുടർമാലയണിന്തുനിലാ -
വിലകും പിറപോലെകിറോടും
ഉണർന്നു ചിനത്തൊടുമായകളെല്ലാമുടനവൾ
ചെയ്തവയെയ്തു കെടുത്തു
വണങ്ങിമുനീന്ദ്രനെയവനരുളാലേ മനുകുല
നായകനവളുയിർ കൊണ്ടാൻ” *10*

(c) “ശുഭമരണ സമയമയനം തെളിഞ്ഞുത്തരം
ശോഭയിൽ വന്നേ മരിക്കാവുനിർണ്ണയം” *10*

(d) “സ്ഫുടതാരകൾ കൂരിരുട്ടിലു -
ണ്ടിടയിൽ ദ്വീപുകളുണ്ടു സിസുവിൽ
ഇടർതീർപ്പതിനേക ഹേതുവ -
ന്നിടയാമേതു മഹാവിപത്തിലും” *10*

(e) “അന്ധർനിൻ തുമ്പിയോ കൊമ്പോ
പള്ളയോ തൊട്ടിടഞ്ഞിടാം
എനിക്കു കൊതി നിൻ വാലിൻ
രോമം കൊണ്ടൊരു മോതിരം” *10*

**Q2. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) പാട്ടുകൃതികളും മണിപ്രവാളകൃതികളും പുലർത്തുന്ന രൂപ-ഭാവ പരമായ അന്തരം രാമചരിതത്തെയും ഉണ്ണുനീലിസന്ദേശത്തെയും തുലനം ചെയ്ത് വിശദീകരിക്കുക. *20*

(b) സാമാന്യമനുഷ്യന്റെ തീവ്രമായ ജീവിതപ്രശ്നങ്ങളോട് ചേർന്നു നിന്നുകൊണ്ട് വ്യവസ്ഥിതിയെ വിമർശിക്കുന്ന കവിതയാണ് 'പണ്ടത്തെ മേശാന്തി' – സമർത്ഥിക്കുക. *15*

(c) "ചഞ്ചലിപ്പൂ ഞാനിപ്പൊഴേ രാഗ –
വഞ്ചനത്തിനു യുക്തികൾ കാണ്മൂ"
കുടിയൊഴിക്കലിലെ നായകൻ കണ്ടെത്തുന്ന യുക്തികൾ എന്തൊക്കെ ? *15*

**Q3. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) "നീറുമെന്നുള്ളിൻ നിറയെ വ്യഥകൾ" അയ്യപ്പപണിക്കരുടെ "കുരുക്ഷേത്രം" എന്ന കവിതയെ ആസ്പദമാക്കി ഒരു നിരൂപണം രചിക്കുക. *20*

(b) ഉളിയന്നൂർ പെരുന്തച്ചനിലെ പിതാവും കലാകാരനും നേരിടുന്ന ആത്മസംഘർഷത്തിന്റെ ഭാവതലങ്ങൾ ജി.ശങ്കരക്കുറുപ്പ് ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയെന്ന് അപഗ്രഥിക്കുക. *15*

(c) ഭ്രമാതാവിനെക്കുറിച്ചുള്ള അമൃതസ്മൃതികളിൽ നിന്ന് ചരമശുശ്രൂഷാഗീതമെഴുതേണ്ട ദുര്യോഗത്തിലേക്കു് കവിയെ നയിച്ച സാഹചര്യങ്ങൾ വിശദീകരിച്ച് 'ഭൂമിക്കു് ഒരു ചരമഗീതം' എന്ന കവിതയുടെ കാലികപ്രസക്തി വ്യക്തമാക്കുക. *15*

**Q4. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) സാർവ്വത്രിക പ്രീതിനേടിയ മഹേതിഹാസത്തിലെ നാടകീയമായ ഒരു മുഹൂർത്തം കണ്ടെടുത്ത് ഉദാത്തമായ നായികയുടെ മാനസിക വ്യാപാരങ്ങളെ അതിന്റെ തീക്ഷ്ണതയും രൂക്ഷതയും മയപ്പെടുത്താതെ ആവിഷ്ക്കരിക്കാനുള്ള ശ്രമമാണ് 'ചിന്താവിഷ്ടയായ സീത' യിൽ കുമാരനാശാൻ നടത്തിയത് – ഈ അഭിപ്രായത്തിന്റെ സാംഗത്യം പഠനവിധേയമാക്കുക. *20*

(b) മഹാഭാരതം കിളിപ്പാട്ടിലെ ഭീഷ്മപർവ്വത്തിൽ വീരരസവും ഭക്തിഭാവവും ഒന്നിനൊന്നു മെച്ചമായ രീതിയിൽ പ്രതിഫലിക്കുന്നുണ്ട് – ഉപപാദിക്കുക. *15*

(c) കാല്പനിക കവിതയുടെ രൂപശില്പവും ഭാവവും തമ്മിലുള്ള ബന്ധം "തീവണ്ടിയിലെ പാട്ടി" നെ ഉദാഹരണമാക്കിക്കൊണ്ട് വിവരിക്കുക. *15*

## SECTION B

**Q5. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതുവാക്കുകളിൽ കവിയരുത്.** *10×5=50*

(a) 'ചെമ്മീൻ' കേവലം ഒരു പ്രണയകഥയല്ല; മനുഷ്യ ജീവിതത്തിന്റെ അനിവാര്യമായ ദുരന്തസ്വഭാവം പ്രതിഫലിപ്പിക്കുന്ന വിശിഷ്ടരചനയാണ്. വിലയിരുത്തുക. *10*

(b) ചരിത്രത്തിലെ കറുത്തദിനങ്ങളുടെ തീവ്രാനുഭവം ചെറുകഥയുടെ ശില്പഘടനയിലേക്കു കൊണ്ടുവരുമ്പോൾ എൻ.എസ്. മാധവൻ എന്ന കഥാകൃത്ത് കൂടുതൽ കരുത്തനാകുന്നു. 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന കഥ ഈ നിരീക്ഷണത്തെ എത്രത്തോളം സാധൂകരിക്കുന്നുണ്ട് ? *10*

(c) "അവസരം പോലെ മാറ്റിമറിക്കാവുന്ന സോപാധിക വ്യവസ്ഥയല്ല പ്രതിജ്ഞ." ഭീഷ്മരുടെ ജീവിത കഥയെ ആസ്പദമാക്കി കുട്ടികൃഷ്ണമാരാർ ഈ വസ്തുത തെളിയിക്കുന്നതെങ്ങനെ ? *10*

(d) 'സാഹിതീസദന'ത്തിലെ വാസകാലമാണ് തന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ ഘട്ടമെന്ന് ചങ്ങമ്പുഴ പറഞ്ഞിരുന്നതെന്തുകൊണ്ട് ? *10*

(e) മലയാള കഥാസാഹിത്യ ചരിത്രത്തിലെ നാഴികകല്ലുകളാണ് "ഇന്ദുലേഖ" യും "നാലുകെട്ടും" എന്ന നോവലുകൾ. ഈ കൃതികളിലെ സമാനതകളും വൈജാത്യങ്ങളും വിലയിരുത്തി വിമർശനാരീതിയിൽ ചർച്ചചെയ്യുക. *10*

Q6. **താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) സങ്കീർണമായ ജീവിതസമസ്യകളുടെയും നവീനമായ തത്ത്വചിന്തയുടെയും സർഗ്ഗാത്മകവ്യാഖ്യാനമാണ് ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' വിമർശാത്മകമായി വിലയിരുത്തുക. *20*

(b) 'വിജ്ഞാനം നേടിയേ അടങ്ങൂ' എന്ന ശപഥത്തിലേക്ക് എത്തിച്ചേർന്ന വി.ടി. ഭട്ടതിരിപ്പാട് അത് പ്രാവർത്തികമാക്കിയതെങ്ങനെ ? *15*

(c) "ഒരു രഹസ്യത്തിന്റെ സാഹസമുണ്ട് ഈ യാത്രയിൽ" ഗുരുവിന്റെയും ശിഷ്യയുടെയും കുടജാദ്രിയിലേക്കുള്ള സാഹസികയാത്ര, പറയാതെപോയ പൂർവ്വകാല പ്രണയത്തിലേക്കും യൗവനത്തിന്റെ ഗൃഹാതുര സ്മൃതികളിലേക്കു മുള്ള മടക്കയാത്രയാകുന്നത് എത്രത്തോളം ഭാവഭദ്രമായാണ് എം.ടി. അവതരിപ്പിക്കുന്നതെന്ന് പരിശോധിക്കുക. *15*

Q7. **താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) അഗാധമായ ജീവിതദർശനവും തീവ്രമായ ഭാവസങ്കീർണ്ണതയും അനുപമമായ ശില്പവൈചിത്ര്യ വുമാണ് സി.ജെ. തോമസിന്റെ നാടകങ്ങൾക്കു് വ്യക്തിത്വം പകരുന്നത്. '1128 ൽ ക്രൈം 27' എന്ന നാടകത്തെ മുൻനിർത്തി വിലയിരുത്തുക. *20*

(b) യൂറോപ്യൻ പ്രബുദ്ധതയും ശുദ്ധകേരളസംസ്കാരവും ഒന്നിച്ചുചേർന്ന സങ്കരസംസ്കാരത്തിന്റെ ഉത്പന്നങ്ങളാണ് ചന്തുമേനോന്റെ കൃതികൾ. ഈ വിമർശകാഭിപ്രായത്തിന്റെ വെളിച്ചത്തിൽ ഇന്ദുലേഖയെ പഠനവിധേയമാക്കുക. *15*

(c) ധർമ്മനിഷ്ഠയില്ലാത്ത ധനാർജ്ജനത്തിന്റെയും ദുരയുടെയും വഴികളിലൂടെ സഞ്ചരിച്ച് തളർന്നു വീഴുന്ന ചെമ്മീനിലെ ചെമ്പൻകുഞ്ഞ് ആധുനികമനുഷ്യന്റെ ഭൗതികാസക്തിയുടെ പ്രതീകം തന്നെയാണ് പര്യാലോചിക്കുക. *15*

**Q8. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) മഹാഭാരത സന്ദർഭങ്ങളെ ആസ്പദമാക്കി എഴുതിയ 'യുദ്ധത്തിന്റെ ആയുധശാല', 'കർണ്ണന്റെ അരങ്ങേറ്റം' എന്നീ ലേഖനങ്ങളിൽ കുട്ടി കൃഷ്ണമാരാർകണ്ടെത്തുന്ന യുദ്ധവിരുദ്ധ ആശയങ്ങൾ ക്രോഡീകരിക്കുക. *20*

(b) അരാജകവാസനകളുടെ വിളനിലമായ വ്യക്തി പ്രകൃതവും സ്വപ്നലോകങ്ങളിൽ വ്യാപരിക്കുന്ന കവിസ്വത്വവും ഇണങ്ങിച്ചേരുന്ന ചങ്ങമ്പുഴയുടെ ജീവിതത്തെ അതീവ സൂക്ഷ്മവും സത്യസന്ധവുമായി അടയാള പ്പെടുത്തുന്ന ഗ്രന്ഥമാണ് പ്രൊഫ. എം.കെ. സാനുവിന്റെ 'ചങ്ങമ്പുഴ കൃഷ്ണപിള്ള : നക്ഷത്രങ്ങളുടെ സ്നേഹഭാജനം' അപഗ്രഥനാത്മകമായി പരിശോധിക്കുക. *15*

(c) "ഈ പുസ്തകം എഴുതീട്ടുള്ളത് ഞാൻ വീട്ടിൽ സംസാരിക്കുന്ന മലയാളഭാഷയിൽ ആകുന്നു" ഇന്ദുലേഖ ഒന്നാം പതിപ്പിന്റെ അവതാരികയിലെ ഈ പ്രസ്താവം ആസ്പദമാക്കി നോവലിസ്റ്റിന്റെ ഭാഷാസമീപനത്തെ നിർദ്ധാരണം ചെയ്യുക. *15*